സ്ത്രീ സമൂഹത്തിന്റെ മുന്നണിപ്പോരാളി
മഹിളാവീഥി
മാഗസിൻ

# പീപ്പിൾസ് റിവ്യൂ

Estd : 2007

സത്യത്തിൻ സാക്ഷി ധർമത്തിൻ പാതയിൽ

പ്രവാസത്തിന്റെ പുതിയ അർത്ഥതലങ്ങൾ
പ്രവാസി റിവ്യൂ
മാഗസിൻ

2023 ജൂൺ 9 വെള്ളി | ptnizar@rediffmail.com 9037319971 | www.peoplesreview.co.in

PUBLISHED FROM KOZHIKODE | email: peoplesreviewdaily@gmail.com | Ph. 0495 2769086, 9037319971 | P.B. NO. 15 | വില: 2 രൂപ

# ഇന്ന് അർധരാത്രി മുതൽ സംസ്ഥാനത്ത് ട്രോളിംഗ് നിരോധനം

കോഴിക്കോട്: സംസ്ഥാനത്ത് ട്രോളിംഗ് നിരോധനം ഇന്ന് അർധരാത്രി മുതൽ നിലവിൽ വരും. ജൂലായ് 31 വരെയുള്ള 52 ദിവസ കാലയളവിലാണ് നിരോധനം. നിരോധനം ലംഘിക്കുന്ന യാനങ്ങൾക്കെതിരേ കർശന നിയമ നടപടി സ്വീകരിക്കും. നിരോധന കാലത്ത് ഇൻബോർഡ് വള്ളങ്ങളോടൊപ്പം ഒരു കാരിയർ വള്ളം മാത്രമാണ് അനുവദിക്കുക. കടലിൽ പോകുന്ന മത്സ്യത്തൊഴിലാളികൾക്ക് ലൈഫ് ജാക്കറ്റ്, ബയോമെട്രിക് ഐ.ഡി കാർഡ്, ആധാർ കാർഡ് എന്നിവ നിർബന്ധമാക്കും. നിരോധനം ഫലപ്രദമായി നടപ്പാക്കാൻ പട്രോളിംഗിനായി ഫിഷറീസ് വകുപ്പ് സ്പെഷ്യൽ ബോട്ടുകൾ സജ്ജമാക്കിയിട്ടുണ്ട്. രക്ഷാ പ്രവർത്തനങ്ങൾക്കായി സീ റെസ്ക്യൂ ഗാർഡുകളുടെ സേവനവും ഉറപ്പാക്കും. അടിയന്തര സാഹചര്യം നേരിടുന്നതിന് പ്രത്യേക പരിശീലനം നേടിയ റസ്ക്യൂ ഗാർഡുകളുടെ സേവനവും ലഭ്യമാകും. കോഴിക്കോട് ജില്ലയിലെ നാല് ഹാർബറുകളിലായി ട്രോളിംഗ് നിരോധന കാലയളവിൽ കടൽ രക്ഷാപ്രവർത്തനത്തിനായി 32 റസ്ക്യൂ ഗാർഡുമാരെയാണ് സജ്ജമാക്കിയിട്ടുള്ളത്. കടൽ രക്ഷാപ്രവർത്തനത്തിനും മറ്റുമായി 106 പേരാണ് നിലവിൽ ഗോവയിൽ നിന്ന് പരിശീലനം പൂർത്തിയാക്കിയത്. കടൽ രക്ഷാപ്രവർത്തനത്തിന് കൂടുതൽ പോലിസ് ഉദ്യോഗസ്ഥരുടെ സേവനവും ലഭ്യമാക്കും. ആവശ്യമായ ബോട്ടുകളും മറൈൻ ആംബുലൻസ് സൗകര്യവും സജ്ജമാക്കിയിട്ടുണ്ട്. ഹാർബറുകളിലെ ഡീസൽബങ്കുകൾ അടയ്ക്കും. ഇൻബോർഡ് വള്ളങ്ങൾക്ക് ഇന്ധനത്തിനായി മത്സ്യഫെഡ് ബങ്കുകൾ അനുവദിക്കും. ഇതര സംസ്ഥാന ബോട്ടുകൾ ജൂൺ ഒമ്പതിന് മുമ്പായി കേരളതീരം വിട്ട് പോകണം. ഇത് ലംഘിക്കുന്ന യാനം ഉടമകൾക്കെതിരേ കർശന നടപടി സ്വീകരിക്കും. ജൂൺ ഒമ്പതിന് വൈകീട്ടോടെ മുഴുവൻ ട്രോളിംഗ് ബോട്ടുകളും കടലിൽ നിന്നും മാറ്റിയിട്ടുണ്ടെന്ന് ഉറപ്പാക്കും. നിരോധനം ലംഘിക്കുന്ന ബോട്ടുകൾക്കെതിരേ നിയമ നടപടികൾ സ്വീകരിക്കും. ട്രോളിംഗ് നിരോധനവുമായി ബന്ധപ്പെട്ട് 24 മണിക്കൂർ പ്രവർത്തിക്കുന്ന സ്പെഷ്യൽ കൺട്രോൾ റൂം പ്രവർത്തിക്കുമെന്ന് ഫിഷറീസ് വകുപ്പ് ഡെപ്യൂട്ടി ഡയറക്ടർ സുധീർ കിഷൻ അറിയിച്ചു. ഫിഷറീസ് കൺട്രോൾ റൂം നമ്പർ- 0495-2414074, 0495-2992194, 9496007052, കോസ്റ്റ് ഗാർഡ് 1554.





ലോക കേരളസഭാ മേഖലാ സമ്മേളനത്തിൽ പങ്കെടുക്കാനായി ന്യൂയോർക്കിലെത്തിയ മുഖ്യമന്ത്രി പിണറായി വിജയനും സംഘവും

## മുഖ്യമന്ത്രിയും സംഘവും അമേരിക്കയിലെത്തി; ലോക കേരളസഭ മേഖലാ സമ്മേളനം ഇന്ന് തുടങ്ങും

ന്യൂയോർക്ക്: ലോക കേരളസഭാ മേഖലാ സമ്മേളനത്തിനായി മുഖ്യമന്ത്രിയും സംഘവും അമേരിക്കയിലെത്തി. ഭാര്യ കമല, സ്പീക്കർ എ.എൻ ഷംസീർ, ധനമന്ത്രി കെ.എൻ ബാലഗോപാൽ, ജോൺ ബ്രിട്ടാസ് എം.പി, ചീഫ് സെക്രട്ടറി വി. ജോയ്, നോർക്ക ഭാരവാഹികൾ എന്നിവരാണ് സംഘത്തിലുള്ളത്. ന്യൂയോർക്ക് സമയം ഉച്ചയ്ക്ക് മൂന്ന് മണിയോടെയാണ് ജോൺ എഫ്. കെന്നഡി വിമാനത്താവളത്തിൽ മുഖ്യമന്ത്രിയും സംഘവും എത്തിയത്. കോൺസൽ ജനറൽ രൺദീപ് ജയ്സ്വാൾ, നോർക്ക ഡയരക്ടർ കെ. അനിരുദ്ധൻ തുടങ്ങിയവർ ചേർന്ന് മുഖ്യമന്ത്രിയെ സ്വീകരിച്ചു. ഇന്ന് മുതൽ ജൂൺ 13 വരെയാണ് ലോക കേരളസഭ സമ്മേളനം നടക്കുന്നത്. 11ന് ബിസിനസ് ഇൻവെസ്റ്റ് മീറ്റിനൊപ്പം സംരംഭകർ, വനിതാ സംരംഭകർ, നിക്ഷേപകർ, പ്രവാസി മലയാളി നേതാക്കൾ എന്നിവരുമായി സംഘം ചർച്ച നടത്തും. അമേരിക്കയിൽ നിന്നും മുഖ്യമന്ത്രി നേരെ ക്യൂബയിലേക്ക് പോകും.

## ട്രെയിൻ ദുരന്തത്തിലെ മൃതദേഹങ്ങൾ സൂക്ഷിച്ച മുറികളിലേക്കില്ലെന്ന് കുട്ടികൾ

# ബാലസോറിലെ സ്കൂൾ കെട്ടിടം പൊളിച്ചേക്കും

ഭുവനേശ്വർ: ഒഡീഷയിലെ ബാലസോറിലെ ട്രെയിൻ ദുരന്തത്തിൽ കൊല്ലപ്പെട്ട യാത്രക്കാരുടെ മൃതദേഹങ്ങൾ സൂക്ഷിച്ച ക്ലാസ് മുറികളിലേക്ക് തങ്ങൾ വരില്ലെന്ന് വിദ്യാർഥികൾ. ഇതോടെ മൃതദേഹം സൂക്ഷിച്ച ആറ് ക്ലാസ് മുറികളും ഹാളും പൊളിച്ചേക്കും. ബഹനാഗ നോഡൽ ഹൈസ്കൂളിലെ കെട്ടിടമാണ് പൊളിക്കേണ്ടി വരിക. അപകടസ്ഥലത്തിന്റെ 500 മീറ്റർ അകലെയാണ് സ്കൂൾ സ്ഥിതി ചെയ്യുന്നത്. 250-ഓളം മൃതദേഹങ്ങൾ സൂക്ഷിക്കാൻ താൽക്കാലിക കേന്ദ്രമായി സ്കൂൾ തെരഞ്ഞെടുക്കുകയായിരുന്നു. ആറ് ക്ലാസ് മുറികളിലും ഹാളിലുമാണ് മൃതദേഹങ്ങൾ കിടത്തിയത്. മൃതദേഹങ്ങൾ ആശുപത്രിയിലേക്ക് മാറ്റിയ ശേഷം കെട്ടിടം മുഴുവൻ അണുവിമുക്തമാക്കുകയും ചെയ്തു. എന്നാൽ, പ്രേതബാധയടക്കം ആരോപിച്ചാണ് പലരും സ്കൂളിലെത്തില്ലെന്ന് അറിയിച്ചത്. ഭയവും അന്ധവിശ്വാസവും പ്രചരിപ്പിക്കരുതെന്ന് ബാലസോർ കലക്ടർ ദത്താത്രയ ഭൗസാഹേബ് ഷിൻഡെ സ്കൂൾ സന്ദർശന വേളയിൽ അഭ്യർഥിച്ചു. യുവമനസ്സുകളിൽ ശാസ്ത്രീയ മനോഭാവം വളർത്തിയെടുക്കാൻ ശ്രമിക്കണമെന്ന് നിർദേശിച്ചു. 65 വർഷമായി സ്കൂൾ ഇവിടെ പ്രവർത്തിക്കുന്നു. അന്ധവിശ്വാസത്തിനല്ല, ശാസ്ത്രീയ ചിന്താഗതിക്കാണ് വഴികാട്ടേണ്ടത്. എന്നിരുന്നാലും, വിദ്യാർഥികളുടെയും രക്ഷിതാക്കളുടെയും ആശങ്ക പരിഗണിച്ച് സ്കൂൾ കെട്ടിടം പൊളിക്കണമോ വേണ്ടയോ എന്ന കാര്യത്തിൽ തീരുമാനമെടുക്കുമെന്നും ഷിൻഡെ പറഞ്ഞു. ഓഫീസർമാരുടെയും സ്കൂൾ മാനേജ്മെന്റ് കമ്മിറ്റിയുടെയും റിപ്പോർട്ടുകൾ ലഭിച്ച ശേഷമായിരിക്കും നടപടി. യാഥാർഥ്യം ബോധ്യപ്പെടുത്തി മുന്നോട്ട് പോകാൻ വിദ്യാർഥികൾക്കും അധ്യാപകർക്കും വിദഗ്ധ കൗൺസിലിംഗ് നൽകാനും തീരുമാനമുണ്ട്. അപകടത്തിന്റെ ആഘാതം വലിയ രീതിയിലാണ് കുട്ടികളെ ബാധിച്ചിരിക്കുന്നത്. അതുകൊണ്ടുതന്നെ മൃതദേഹങ്ങൾ സൂക്ഷിച്ചിരുന്ന ക്ലാസ് മുറികൾ പൊളിച്ച് പുതിയവ നിർമ്മിക്കാൻ ഞങ്ങൾ സർക്കാരിനോട് അഭ്യർഥിക്കുകയാണെന്ന് പ്രധാനാധ്യാപിക പ്രമീള സ്വയിൻ പറഞ്ഞു. ജൂൺ 16നാണ് വേനൽക്കാല അവധിക്ക് ശേഷം സ്കൂൾ തുറക്കുക.





ബഹനാഗ നോഡൽ ഹൈസ്കൂൾ

## രാജ്യത്ത് അനുവദിച്ച 50 മെഡി. കോളേജുകളിൽ ഒന്നുപോലും കേരളത്തിനില്ല

### ■ തെലുങ്കാനക്ക് 12, തമിഴ്നാടിനും കർണാടകയ്ക്കും മൂന്നുവീതം

ന്യൂഡൽഹി: മെഡിക്കൽ കോളേജുകൾ സംസ്ഥാനങ്ങൾക്ക് അനുവദിച്ചതിൽ കേരളത്തെ അവഗണിച്ച് കേന്ദ്രം. രാജ്യത്ത് ആകമാനം പുതുതായി 50 മെഡിക്കൽ കോളേജുകൾ അനുവദിച്ച കേന്ദ്ര സർക്കാർ കേരളത്തിൽ ഒന്ന് പോലും അനുവദിച്ചില്ല.

തമിഴ്നാട്ടിലും കർണാടകയിലും മൂന്നു വീതം മെഡിക്കൽ കോളേജുകൾ അനുവദിച്ചപ്പോൾ തെലുങ്കാനക്ക് 12 മെഡിക്കൽ കോളേജുകളുമാണ് അനുവദിച്ചത്. ഏറ്റവും കൂടുതൽ മെഡിക്കൽ കോളേജുകൾ അനുവദിച്ചതും തെലുങ്കാനക്കാണ്. അതേസമയം, വയനാട്ടിൽ ഒരു മെഡിക്കൽ കോളേജ് അനുവദിക്കണമെന്ന് കേരള സർക്കാർ കേന്ദ്രത്തോട് ഔദ്യോഗികമായി ആവശ്യപ്പെട്ടിരുന്നു.

ഈ ആവശ്യവും തഴയുകയാണ് ഉണ്ടായത്. ആന്ധ്രാപ്രദേശിൽ അഞ്ച്, അസമിലും ഗുജറാത്തിലും മൂന്ന്, ഹരിയാന, ജമ്മു കശ്മീർ എന്നിവിടങ്ങളിൽ രണ്ട് വീതം, മഹാരാഷ്ട്രയിൽ നാല്, മധ്യപ്രദേശിൽ ഒന്ന്, നാഗാലാൻഡിൽ ഒന്ന്, ഒഡീഷയിൽ രണ്ട്, രാജസ്ഥാനിൽ അഞ്ച്, ബംഗാളിൽ രണ്ട്, യു.പിയിൽ ഒന്ന് എന്നിങ്ങനെയാണ് കേന്ദ്രം മെഡിക്കൽ കോളേജുകൾ അനുവദിച്ചിരിക്കുന്നത്. നിലവിൽ അനുവദിച്ച കോളേജുകളിൽ 30 സർക്കാർ കോളേജുകളും 20 സ്വകാര്യ കോളേജുകളുമാണ്. കേരളത്തെ വീണ്ടും മോദി സർക്കാർ തഴയുകയാണെന്ന് ആരോഗ്യ വകുപ്പ് വിമർശനം ഉയർത്തിയിട്ടുണ്ട്.

## ഒഡീഷയിൽ ട്രെയിനിൽ തീപിടിത്തം: എ.സി കോച്ചിനടിയിൽ അഗ്നിബാധ, ആളപായമില്ല

ഭുവനേശ്വർ: ഒഡീഷയിൽ ട്രെയിനിൽ തീപിടുത്തമുണ്ടായി. നൗപദ ജില്ലയിൽ ഇന്നലെ വൈകീട്ടാണ് സംഭവം. ദുർഗ് -പുരി എക്സ്പ്രസിന്റെ എ.സി കോച്ചിന് അടിയിലാണ് തീപിടുത്തമുണ്ടായത്. തീ പിടിച്ചതിനെത്തുടർന്ന് ട്രെയിനിന്റെ കോച്ച് പുകപടലങ്ങളാൽ മൂടി. ഇതേത്തുടർന്ന് യാത്രക്കാർ പരിഭ്രാന്തരായി. ട്രെയിനിൽ തീപിടിക്കുന്നതും കനത്ത പുക ഉയരുന്നതുമായ ദൃശ്യങ്ങൾ പുറത്തുവന്നിരുന്നു. തീപിടിത്തത്തിൽ ആളപായം ഉണ്ടായിട്ടില്ല.

## സേനയുടെ ഭാഗമാകാൻ അഗ്നി പ്രൈം ബാലിസ്റ്റിക്ക് മിസൈൽ; പരീക്ഷണം വിജയം

ഭുവനേശ്വർ: രാത്രികാല പരീക്ഷണം വിജയകരമായി പൂർത്തിയാക്കി പുതുതലമുറ ബാലിസ്റ്റിക് മിസൈൽ അഗ്നി പ്രൈം. ഒഡീഷയിലെ ഡോ. എ.പി.ജെ അബ്ദുൾ കലാം ദ്വീപിൽ നിന്ന് ഏഴിന് രാത്രി 7.30 നാണ് മിസൈൽ പരീക്ഷിച്ചത്. പരീക്ഷണ പറക്കലിനിടെ എല്ലാ ലക്ഷ്യങ്ങളും വിജയകരമായി പൂർത്തിയാക്കിയതായി ഡി.ആർ.ഡി.ഒ ട്വിറ്ററിലൂടെ അറിയിച്ചു.

വിവിധ ഘട്ടങ്ങളിലുള്ള പരീക്ഷണങ്ങൾ വിജയകരമായി പൂർത്തിയാക്കിയതൊടെ അഗ്നി പ്രൈം താമസിയാതെ പ്രതിരോധ സേനയുടെ ഭാഗമാകും.മിസൈലിന്റെ കൃത്യതയും വിശ്വാസ്യതയും ഉറപ്പാക്കുന്നതിനായി നിർമാണ കാലഘട്ടത്തിൽ നടത്തിയ ട്രയലുകൾക്ക് ശേഷം ആദ്യമായാണ് പ്രീ ഇൻഡക്ഷൻ ട്രയൽ നടത്തുന്നതെന്ന് പ്രതിരോധ മന്ത്രാലയം അറിയിച്ചു. റഡാർ, ടെലിമെട്രി, ഇലക്ട്രോ ഒപ്റ്റിക്കൽ ട്രാക്കിങ് സിസ്റ്റം തുടങ്ങി നിരവധി റേഞ്ച് ഇൻസ്ട്രുമെന്റേഷനുകൾ വിവിധ സ്ഥലങ്ങളിൽ വിന്യസിച്ച് മിസൈലിന്റെ സഞ്ചാരപാത നിരീക്ഷിച്ചിരുന്നു. അഗ്നി പരമ്പരയിലെ ഏറ്റവും ഭാരം കുറഞ്ഞതും ചെറുതുമാണ് അഗ്നി പ്രൈം മിസൈൽ. 1000 മുതൽ 2000 കിലോമീറ്റർ ദൂരം ഇതിന് സഞ്ചരിക്കാനാകും. ഡിഫൻസ് റിസർച്ച് ആൻഡ് ഡെവലപ്മെന്റ് ഓർഗനൈസേഷൻ (ഡി.ആർ.ഡി.ഒ) ആണ് ആണവ വാഹക ശേഷിയുള്ള മിസൈൽ രൂപകൽപ്പന ചെയ്ത് വികസിപ്പിച്ചിരിക്കുന്നത്. അഗ്നി പ്രൈമിന്റെ പരീക്ഷണം വിജയകരമായി പൂർത്തിയാക്കിയ ഡി.ആർ.ഡി.ഒയെയും സേന വിഭാഗങ്ങളെയും പ്രതിരോധ മന്ത്രി രാജ്നാഥ് സിങ് അഭിനന്ദിച്ചു.



അഗ്നി പ്രൈം ബാലിസ്റ്റിക്ക് മിസൈൽ പരീക്ഷണ പറക്കലിൽനിന്ന്

# മനുസ്മൃതി വായിച്ചില്ലേ... ഒരിക്കൽ വായിക്കൂ

## ഗർഭഛിദ്രത്തിന് അനുമതി തേടിയ 17കാരി അതിജീവിതയോട് ഗുജറാത്ത് ഹൈക്കോടതി

അഹമ്മദാബാദ്: ബലാത്സംഗത്തെ അതിജീവിച്ച പെൺകുട്ടി ഗർഭഛിദ്രത്തിനായി കോടതിയെ സമീപിച്ചപ്പോൾ മനുസ്മൃതി വായിച്ചില്ലേ... ഒരിക്കൽ വായിക്കൂ എന്ന് ഗുജറാത്ത് ഹൈക്കോടതി. പെൺകുട്ടികൾ ചെറുപ്പത്തിൽ വിവാഹം കഴിക്കുന്നതും 17 വയസ്സ് തികയുന്നതിന് മുമ്പ് കുഞ്ഞിന് ജന്മം നൽകുന്നതും ഒരു കാലത്ത് സാധാരണമായിരുന്നെന്ന് ഗുജറാത്ത് ഹൈക്കോടതി ജഡ്ജി പറഞ്ഞു. നമ്മൾ 21ാം നൂറ്റാണ്ടിൽ ജീവിക്കുന്നതിനാൽ ഉത്കണ്ഠയുണ്ടെന്ന് ജസ്റ്റിസ് ദവെ പറഞ്ഞു. നിങ്ങളുടെ അമ്മയോടോ മുത്തശ്ശിയോടോ ചോദിക്കൂ. 14-15 വയസ്സായിരുന്നു പരമാവധി പ്രായം. പെൺകുട്ടികൾ 17 വയസ്സ് തികയുന്നതിന് മുമ്പ് ആദ്യത്തെ കുഞ്ഞിന് ജന്മം നൽകുമായിരുന്നു. പെൺകുട്ടികൾ ആൺകുട്ടികൾക്ക് മുമ്പ് പക്വതയിലെത്തുന്നു. നിങ്ങൾ വായിച്ചില്ലെങ്കിൽ എന്തായാലും മനുസ്മൃതി ഒരിക്കൽ വായിക്കണമെന്നും ജഡ്ജി പറഞ്ഞു. പെൺകുട്ടിയും ഗർഭസ്ഥ ശിശുവും ആരോഗ്യമായിരിക്കുകയാണെങ്കിൽ ഗർഭമലസിപ്പിക്കാൻ അനുമതി നൽകിയേക്കില്ലെന്നും കോടതി സൂചന നൽകി. ബലാത്സംഗത്തെ അതിജീവിച്ച പെൺകുട്ടിക്ക് 16 വയസ്സും 11 മാസവും പ്രായമുണ്ട്. ഗർഭം ഏഴു മാസമായി. ഗർഭഛിദ്രം നടത്താവുന്ന 24 ആഴ്ചയുടെ പരിധി കടന്നതിനാൽ ഗർഭച്ഛിദ്രത്തിന് അനുമതി തേടി പിതാവ് ഹൈക്കോടതിയെ സമീപിക്കുകയായിരുന്നു. പെൺകുട്ടിയുടെ പ്രായം കുടുംബത്തെ ആശങ്കപ്പെടുത്തുന്നതാണെന്ന് ചൂണ്ടിക്കാട്ടി ഹർജിക്കാരന്റെ അഭിഭാഷകൻ നേരത്തെ വാദം കേൾക്കണമെന്ന് ആവശ്യപ്പെടുകയായിരുന്നു. ആഗസ്റ്റ് 16നാണ് പ്രസവത്തിനുള്ള തീയതി പറഞ്ഞിരിക്കുന്നത്. വിദഗ്ധ ഡോക്ടർമാരുമായി കൂടിയാലോചിച്ചതായും ജഡ്ജി അഭിഭാഷകനെ അറിയിച്ചു. ഗർഭസ്ഥശിശുവിനോ പെൺകുട്ടിക്കോ ഗുരുതരമായ ആരോഗ്യ പ്രശ്നങ്ങൾ കണ്ടെത്തിയാൽ കോടതിക്ക് ഗർഭഛിദ്രം പരിഗണിക്കാം.

ആരോഗ്യം സാധാരണ ഗതിയിലാണെങ്കിൽ അനുമതി നൽകാൻ ബുദ്ധിമുട്ടാണെന്നും ജഡ്ജി പറഞ്ഞു. പെൺകുട്ടിയെ വൈദ്യപരിശോധനയ്ക്ക് വിധേയയാക്കാൻ രാജ്കോട്ട് സിവിൽ ആശുപത്രിയിലെ മെഡിക്കൽ സൂപ്രണ്ടിനോട് കോടതി നിർദേശിച്ചു. മാനസികാവസ്ഥ പരിശോധിക്കാൻ സൈക്യാട്രിസ്റ്റിനെയും ചുമതലപ്പെടുത്തി. അടുത്ത ഹിയറിംഗിന്റെ തീയതിയായ ജൂൺ 15നകം റിപ്പോർട്ട് സമർപ്പിക്കാൻ ആശുപത്രിയോട് കോടതി ആവശ്യപ്പെട്ടു.



## ജസ്റ്റിസ് ശിവരാജൻ കമ്മീഷൻ സംശയത്തിന്റെ നിഴലിൽ

ഉമ്മൻചാണ്ടി സർക്കാരിനെ പിടിച്ചുകുലുക്കുകയും സംസ്ഥാനത്ത് ഭരണമാറ്റത്തിന് തന്നെ ഇടയാക്കിയതുമായ സംഭവങ്ങളിലൊന്നാണ് സോളാർ വിവാദം. ഈ വിവാദമുണ്ടായപ്പോൾ ഉമ്മൻചാണ്ടി സർക്കാർ തന്നെ നിശ്ചയിച്ചതായിരുന്നു ജസ്റ്റിസ് ശിവരാജൻ കമ്മീഷൻ. അക്കാലത്ത് തുടക്കം മുതൽ സിറ്റിംഗ് വരെ ഏറെ ചർച്ച ചെയ്യപ്പെട്ട ഒന്നായിരുന്നു കമ്മീഷന്റെ നടപടിക്രമങ്ങൾ. പരാതിക്കാർ ഉന്നയിച്ച ആരോപണങ്ങൾ മുൻപിൻ നോക്കാതെ പ്രതിപക്ഷ പാർട്ടികൾ രാഷ്ട്രീയ ആയുധമാക്കി. മാധ്യമങ്ങളാവട്ടെ പ്രത്യേകിച്ച് ദൃശ്യമാധ്യമങ്ങൾ വാർത്തകളുടെ ഘോഷയാത്ര തന്നെ സൃഷ്ടിക്കുകയായിരുന്നു. വിവാദ സിഡി തിരഞ്ഞുള്ള പോക്കും ദൃശ്യമാധ്യമങ്ങൾ പിന്നാലെ ഓടിയതും അവസാനം ഒരു തുമ്പും കിട്ടാതെ ഇളിഭ്യരായി മടങ്ങിയ ഇക്കാര്യത്തിൽ മാധ്യമങ്ങളും ഒരു പുനഃപരിശോധന നടത്തുന്നത് നല്ലതാണ്. ഏതെങ്കിലും ആരോപണം ഉന്നയിക്കപ്പെടുമ്പോൾ അത് വിവാദമാക്കി, വാർത്തകൾ മെനയുന്നത് നല്ലതല്ല. അത്തരം വാർത്തകൾ സമൂഹത്തിലുണ്ടാകുന്ന പ്രത്യാഘാതങ്ങളെക്കുറിച്ച് വാർത്താമാധ്യമങ്ങളുടെ മേധാവികൾ ആഴത്തിൽ ചിന്തിക്കണം. സോളാർ കമ്മീഷന് മുമ്പിൽ അന്നത്തെ മുഖ്യമന്ത്രിയായിരുന്ന ഉമ്മൻചാണ്ടി നിർഭയനായാണ് 17 മണിക്കൂറുകളോളം ഹാജരായി മൊഴി നൽകിയത്.

മുഖ്യമന്ത്രി എന്ന പദവി ഉപയോഗിച്ച് വേണമെങ്കിൽ കമ്മീഷനെ നിശ്ചയിക്കാതിരിക്കാമായിരുന്നു. അതുമല്ലെങ്കിൽ കമ്മീഷനെ സ്വാധീനിക്കാമായിരുന്നു. എന്നാൽ അതിനൊന്നും മുതിരാതെ അദ്ദേഹം കമ്മീഷനുമായി സഹകരിക്കുകയാണുണ്ടായത്. പല നേതാക്കളും വിവാദങ്ങളുണ്ടാവുകയോ, കേസിൽ പെടുകയോ ചെയ്യുമ്പോൾ ഒളിച്ചോടുകയോ, കോടതി നടപടികളിലൂടെ കേസ് നീട്ടികൊണ്ടുപോകാനോ ശ്രമിക്കുന്ന കാലത്താണ് അദ്ദേഹം കമ്മീഷനുമായി സഹകരിച്ചതെന്നത് ശ്രദ്ധേയമാണ്, സോളാർ വിവാദകാലത്ത് മാധ്യമങ്ങൾ തുറന്ന് വായിക്കാൻ പോലും പൊതുജനം മടിച്ചിരുന്നു എന്നതാണ് സത്യം. സഭ്യതക്ക് നിരക്കാത്ത വാർത്തകളാണ് ഇക്കാലത്ത് മാധ്യമലോകത്ത് നിറഞ്ഞുനിന്നത്. പരാതിക്കാരി തന്നെ വ്യത്യസ്തമായ നിലപാടുകൾ ഇക്കാലയളവുകളിൽ സ്വീകരിച്ചിരുന്നുവെന്നത് തന്നെ ഇതിന്റെ ഉദ്ദേശശുദ്ധിയെ ചോദ്യം ചെയ്യുന്നതായിരുന്നു. സി.ബി.ഐക്ക് നൽകിയ പരാതി അവർ അന്വേഷണം നടത്തി പരാതിക്കാരി ഉന്നയിച്ചവർ കുറ്റം ചെയ്തിട്ടില്ലെന്ന റിപ്പോർട്ടും നൽകിയിരുന്നു.


ജസ്റ്റിസ് ശിവരാജൻ കമ്മീഷന്റെ പ്രവർത്തനങ്ങളെക്കുറിച്ച് ഇപ്പോൾ പരാമർശം നടത്തിയത് മുതിർന്ന സി.പി.ഐ നേതാവും മുൻ മന്ത്രിയുമായ സി.ദിവാകരനാണ്. അദ്ദേഹത്തിന്റെ അഭിപ്രായങ്ങൾ മാധ്യമങ്ങളിൽ വാർത്തയായിട്ടുണ്ട്. തുടർന്ന് അന്ന് കേസന്വേഷണം നടത്തിയ സംഘത്തലവനും ഡി.ജി.പിയുമായിരുന്ന എ.ഹേമചന്ദ്രനും കമ്മീഷന്റെ നടപടികളെ വിമർശിച്ചിരിക്കുകയാണ്. കമ്മീഷൻ സദാചാര പോലിസ് ചമയുകയും മസാലകഥകളിലായിരുന്നു കമ്മീഷന് താൽപര്യമെന്ന് അദ്ദേഹം തുറന്നടിച്ചിരിക്കുകയാണ്. വ്യക്തികളുടെ സ്വകാര്യതയിലായിരുന്നു കമ്മീഷന് താൽപര്യമെന്നും ഇത് സംബന്ധിച്ച് സംസ്ഥാന പോലിസ് മേധാവിക്ക് പരാതി നൽകിയിരുന്നെന്നും അദ്ദേഹം തന്റെ സർവീസ് സ്റ്റോറിയായ ' നീതി എവിടെ' എന്ന ഗ്രന്ഥത്തിൽ എഴുതിയിട്ടുണ്ട്. ഹൈക്കോടതി തന്നെ കമ്മീഷൻ റിപ്പോർട്ടിനെ വിമർശിക്കുകയുണ്ടായിട്ടുണ്ട്. ജസ്റ്റിസ് ശിവരാജൻ കമ്മീഷന്റെ നിമയനം സംബന്ധിച്ചും അന്ന് ആഭ്യന്തമന്ത്രിയായിരുന്ന തിരുവഞ്ചൂർ രാധാകൃഷ്ണന് വ്യത്യസ്തമായ അഭിപ്രായമാണുണ്ടായിരുന്നതെന്ന് അദ്ദേഹം വ്യക്തമാക്കിയിട്ടുണ്ട്. പരാതിക്കാർക്ക് താരപരിവേഷം നൽകുകയും അരനൂറ്റാണ്ടിലധികം ജനപ്രതിനിധിയായിരിക്കുകയും സംസ്ഥാന മുഖ്യമന്ത്രിയായിരിക്കുകയും ചെയ്ത വ്യക്തിയുടെ വാക്കുകൾ പരിഗണിക്കാതെ നിരവധി തട്ടിപ്പുകേസുകളിൽ പ്രതികളായവരുടെ വാക്കുകൾക്കും നിലപാടുകൾക്കും പിന്തുണ നൽകിയെന്ന ആരോപണമാണ് ശിവരാജൻ കമ്മീഷൻ നേരിടുന്നത്.

നീതിന്യായ മേഖലയിൽ ഉന്നതപദവിയിലിരുന്ന അദ്ദേഹത്തെ പോലുള്ള ഒരു വ്യക്തിത്വം ആരോപണ വിധേയനായിരിക്കുകയാണ്. സോളാർ വിവാദം അവസാനിച്ചെങ്കിലും അതിന്റെ ബാക്കിപത്രമായി ഇനിയും നിലപാടുകൾ വ്യക്തമാക്കപ്പെടും. സോളാർ വിവാദം പോലുള്ള കാര്യങ്ങൾ ഉയർന്ന് വരാതിരിക്കാൻ ഭരണത്തിലിരിക്കുന്നവർ ശ്രദ്ധിക്കേണ്ടതാണ്. ഇത്തരം വാർത്തകൾ ഉയർന്ന് വരുമ്പോൾ കാള പെറ്റുവെന്ന് കേൾക്കുമ്പോൾ കയറെടുക്കുന്ന രീതി മാധ്യമങ്ങളും ഉപേക്ഷിക്കണം. നീതി എല്ലാവർക്കും ലഭ്യമാകണം. പ്രത്യേകിച്ച് കുറ്റം ചെയ്യാത്തവർ ക്രൂശിക്കപ്പെടുന്ന സാഹചര്യം ഒരിക്കലും ഉണ്ടാകരുത്. അത് ഉറപ്പുവരുത്തേണ്ടത് ആഭ്യന്തരവകുപ്പും ജുഡീഷ്യറിയുമാണ്. പുറത്തേക്കുവന്ന വാർത്തകൾ പരിശോധിക്കുമ്പോൾ ഇക്കാര്യത്തിൽ തെറ്റ് പറ്റിയവർ ആത്മപരിശോധന നടത്താൻ തയ്യാറാവേണ്ടത് കേരളീയ സമൂഹത്തിന്റെ ആവശ്യമാണ്.

## ജീവൻരക്ഷാ പരിശീലന പദ്ധതി

കോഴിക്കോട്: സിയെസ്കൊയും ഹയർ സെക്കന്ററി എൻ.എസ്.എസ് ഉം ഏഞ്ചൽസ് കോഴിക്കോട് ജില്ല കമ്മിറ്റിയുടെ സഹകരണത്തോടെ സംഘടിപ്പിക്കുന്ന ജീവൻ രക്ഷാ പരിശീലന പദ്ധതി 'സന്നദ്ധം-2023' ജൂൺ 10 ശനിയാഴ്ച രാവിലെ 8.45 മുതൽ 12-30 വരെ ചെറൂട്ടി റോഡിലെ എം.എസ്.എസ് ഓഡിറ്റോറിയത്തിൽ വെച്ചു നടക്കുന്നു. ആപത് ഘട്ടത്തിൽ സ്വന്തം ജീവനും കൂടെയുള്ളവരുടെ ജീവനും രക്ഷിക്കാൻ കോഴിക്കോട് സൗത്ത് ക്ലസ്റ്ററിലെ സ്കൂളുകളിലെ എൻ.എസ്.എസ് വളണ്ടിയർമാരെ പ്രാപ്തമാക്കുന്ന പദ്ധതിയാണിത്. പരിപാടി തുറമുഖ പുരാവസ്തു വകുപ്പ് മന്ത്രി അഹമ്മദ് ദേവർകോവിൽ ഉദ്ഘാടനം ചെയ്യും. ഫയർ ആന്റ് റസ്ക്യൂ , ദുരന്ത നിവാരണ പരിശീലനം നേടിയ ഏഞ്ചൽസിന്റെ വിദഗ്ദ ട്രയിനർമാരും പ്രമുഖ ഡോക്ടർമാരും പരിശീലനത്തിനു നേതൃത്വം നൽകും.

# 'അമേരിക്കയിൽ നടക്കുന്ന ലോക കേരള സഭയും നാട്ടിലെ മാലിന്യ നിർമാർജന പദ്ധതികളും'



ഹസ്സൻ തിക്കോടി

റോഡുകളിലെ ട്രാഫിക് നിയമലംഘകരെ പിടികൂടാൻ എ.ഐ ക്യാമറകൾ സ്ഥാപിച്ച പോലെ സ്വന്തം വീട്ടിലെ മാലിന്യങ്ങൾ നിരത്തിലും വഴിയരികിലും വലിച്ചെറിയുന്നവരെ പിടികൂടി കനത്ത പിഴ ഈടാക്കുന്ന സംവിധാനം സർക്കാർ കൊണ്ടുവരേണ്ടത് ശുചിത്വ കേരളത്തിന് അനിവാര്യമാണ്. ഇക്കാര്യത്താൽ അമേരിക്കൻ മലയാളികളുടെ മുതൽമുടക്കിൽ എന്തെങ്കിലും നേട്ടമുണ്ടായെങ്കിൽ അവിടെ നടക്കുന്ന ലോക കേരള സഭ ചാരിതാർഥ്യത്തിനു വകയുണ്ട്. ശാന്തമായൊഴുകുന്ന കനോലി കായലിന്റെ തീരത്തുകൂടിയാണ് എന്റെ പ്രഭാത നടത്തം. വലയിട്ട് മീൻപിടിക്കുന്നവരും, സുബഹ് നിസ്കാരം കഴിഞ്ഞു നടത്തം പതിവാക്കിയവരും, നാട്ടുകാരും അക്കൂട്ടത്തിലുണ്ടാവും. പക്ഷേ, ഇടുങ്ങിയ നിരത്തിന്റെ ഓരത്തും, ടാറിട്ട റോട്ടിലും തലേ ദിവസം ആരോ വലിച്ചെറിഞ്ഞ മാലിന്യകെട്ടുകൾ പട്ടിയും കാക്കയും വലിച്ചുകീറി വിതറിക്കിടക്കുന്നത് നിത്യക്കാഴ്ചയാണ്. മീൻ പിടിക്കുന്നവർക്കാവട്ടെ പലപ്പോഴും വിഘാതമായിത്തീരുന്നത് കായലിലൂടെ ഒഴുകുന്ന ചെറുതും വലുതുമായ മാലിന്യക്കെട്ടുകളും.

ഞങ്ങൾക്കും വരും തലമുറക്കും ഇവിടെ വസിക്കാനാവുമോ എന്ന ചോദ്യത്തോടെയാണ് എന്റെ ഓരോ പ്രഭാതങ്ങളും കടന്നു പോവുന്നത്. ബഹുമുഖ പ്രതിഭകളായ ഒട്ടനവധി ഭരണാധികാരികൾ ഈ നാട് ഭരിച്ചിട്ടും നേതൃപാടവംകൊണ്ട് സ്വന്തം വാർഡിന്റെ മഹിമകൾ വാതോരാതെ പ്രസംഗിച്ചു നടന്നിട്ടും എന്തുകൊണ്ട് മാലിന്യം വലിച്ചെറിയുന്ന സമ്പ്രദായത്തിന് പരിഹാരം കാണുന്നില്ല. നമ്മൾ, മലയാളികൾ ഇന്ന് നേരിട്ടുകൊണ്ടിരിക്കുന്ന ഏറ്റവും വലിയ വെല്ലുവിളിയാണ് മാലിന്യസംസ്കരണം. തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളോട് കാലാകാലങ്ങളായി അവർ ചോദിക്കുന്നത് ഒന്ന് മാത്രമാണ്. 'ഞങ്ങളുടെ മാലിന്യം എവിടെ തള്ളണം, എവിടെ സംസ്കരിക്കണം' എന്ന്. മാലിന്യങ്ങൾ തള്ളാ ഒരു പെട്ടി പോലും റോഡരികിലോ കൗൺസിലർമാരുടെ വാർഡുകളിലോ നാളിതുവരെ സ്ഥാപിച്ചിട്ടില്ല.



മാലിന്യത്തെ തരംതിരിക്കാനും അവയെ സംസ്കരിക്കണമെന്നും വാതോരാതെ പറയുന്നവർ ജൈവമാലിന്യവും അജൈവമാലിന്യവും ഖരമാലിന്യവും വേർതിരിച്ചിട്ടെന്തുചെയ്യും എന്ന് മാത്രം പറയുന്നില്ല. ഭൂമിയിലെ ആവാസ വ്യവസ്ഥയെ പ്രതികൂലമായി ബാധിക്കുന്ന മാരകമായ മാലിന്യവിഷം ശ്വസിക്കേണ്ടിവരുന്ന ഒരു ജനതയുടെ ഭാവി എന്തായിരിക്കുമെന്ന് നമ്മെ ഭരിക്കുന്നവർക്കറിയാമെങ്കിലും മറ്റു മേഖലകളിലേക്ക് നമ്മുടെ ശ്രദ്ധ തിരിക്കാനാണ് അവരുടെ താൽപര്യം. തൊട്ടതിനും കൊടുത്തതിനും വിവാദങ്ങളുണ്ടാക്കി വൃഥാ സമയം നഷ്ടപ്പെടുത്തുന്ന രാഷ്ട്രീയ ശൈലിമാറ്റി ക്രിയാത്മകമായ മാറ്റങ്ങൾക്കുവേണ്ടി മുറവിളിക്കുകയല്ലേ അവർ ചെയ്യേണ്ടത്. എ.ഐ ക്യാമറയിലും കെ-ഫോണിലും റോഡ് നിർമാണത്തിലും ഡിജിറ്റൽ മേഖലയിലും നാം കൈവരിച്ച നേട്ടങ്ങളെ മലീമസമാക്കും വിധത്തിലാണ് മാലിന്യക്കൂമ്പാരം ഓരോ തദ്ദേശസ്വയംഭരണ വാർഡുകളിലും കുമിഞ്ഞു കൂടുന്നത്. അവ ഇല്ലാതാക്കണമെങ്കിൽ നാമോരോരുത്തരും സ്വയം നന്നാവണം. വ്യക്തിശുചിത്വവും, ഗാർഹികശുചിത്വവും, സാമൂഹികശുചിത്വവും വളരെ പ്രധാനപ്പെട്ടവ തന്നെയാണ്. എന്തെന്നാൽ നാം നന്നായാൽ, നമ്മുടെ സമൂഹത്തിലെ ഓരോരുത്തരും നന്നായാൽ പകുതി പ്രശ്നം അവിടെ തീർന്നുവെന്നുപറയാം. ഈ ബോധവൽകരണം പ്രൈമറി സ്കൂൾ തലം മുതൽ തുടങ്ങണം.

സമുദ്ര നിരപ്പിൽനിന്നും 8848 അടി ഉയരത്തിൽ കിടക്കുന്ന എവറസ്റ്റിന്റെ താഴ്വരകളിൽ പോലും മാലിന്യം കുമിഞ്ഞകൂടിയ വാർത്ത അന്ത്രരാഷ്ട്ര ഏജൻസികൾ റിപ്പോർട്ട് ചെയ്തത് ഇക്കഴിഞ്ഞ ദിവസമാണ്. പർവ്വതാരോഹണത്തിനെത്തുന്നവർ വലിച്ചെറിയുന്ന മാലിന്യം നീക്കം ചെയ്യാൻ യാതൊരു സംവിധാനവും അധികൃതർ ഒരുക്കിയിട്ടില്ല. ഓരോ വ്യക്തിയും എട്ടുകിലോ മാലിന്യം വീതം യാത്രയിൽ അവിടെ നിക്ഷേപിക്കുന്നു.

### ചൈനയിലെ മാലിന്യരഹിത കാഴ്ചകൾ

ഒരു വ്യാഴവട്ടംമുമ്പ് ചൈനയുടെ തലസ്ഥാനമായ ബീജിങ്ങിൽ പോയപ്പോൾ അവിടത്തെ വെടിപ്പും വൃത്തിയും കണ്ട് ഞാൻ അതിശയപ്പെട്ടുപോയി. ജനങ്ങൾ തിങ്ങിപ്പാർക്കുന്ന ഈ വലിയ നഗരത്തിലെവിടെയും ഒരു തരി മാലിന്യം വഴിയരികിൽ കാണുന്നില്ല. വെയിലിനു ചൂടേറുംമുമ്പേ ആ തെരുവിലൂടെ ചുറ്റിക്കറങ്ങിയ ഞാൻ നടന്നു കയറിയത് റോഡരികിലെ ഒരു സ്കൂളിലേക്കായിരുന്നു. സമയം ഒൻപത്. ബെല്ലടിച്ചപാടേ യൂണിഫോമിട്ട കുട്ടികൾ കൈയിൽ കുട്ടയുമായി പുറത്തുവരുന്നു, സ്കൂളിനു ചുറ്റും ചൂലെടുത്തു വൃത്തിയാക്കുന്നു. അരമണിക്കൂറിനുശേഷം അവർ സ്കൂൾ കോംപൗണ്ടിലേക്കു തിരിച്ചുകയറുന്നു. മറ്റൊരു അരമണിക്കൂർ അവർ കായികാഭ്യാസം ചെയ്യുന്നു. ഇതിനൊക്കെ നേതൃത്വം കൊടുക്കുന്ന അധ്യാപകരാവട്ടെ അവരോടൊപ്പം ഇതേ പ്രവൃത്തി ചെയ്തുകൊണ്ടിരിക്കുന്നു.

കൗതുകം തോന്നിയ ഞാൻ സ്കൂളിനകത്തേക്കു കയറി. പാറാവുകാരൻ മുതൽ അധ്യാപകർക്കുവരെ ചൈനീസ് ഭാഷയല്ലാതെ മറ്റൊന്നും അറിയില്ല. ആംഗ്യ ഭാഷയിൽ അങ്ങോട്ടും ഇങ്ങോട്ടും എന്തൊക്കൊയോ പറഞ്ഞു. ഒടുവിൽ പ്രിൻസിപ്പൽ അവരുടെ ടെലിഫോൺ ആപ്പിൽ ചൈനീസ് ഭാഷയിൽ ചോദിച്ചപ്പോൾ ഇംഗ്ലളീഷ് പരിഭാഷ വന്നു. ഞങ്ങൾ ഏറെനേരം ടെലിഫോൺ ആപ്പിലൂടെ സംസാരിച്ചു. ചൈനയിലെ എല്ലാ സ്കൂളുകളിലും പരിസരം വൃത്തിയാക്കലും കായികാഭ്യാസവും പതിവാണ്. പാഠ്യപദ്ധതിയുടെ ഒഴിച്ചുകൂടാനാവാത്ത ഭാഗമാണത്. ചെറുപ്പം തൊട്ടേ ശുചിത്വവും കായിക പരിശീലനവും അവരുടെ ജീവിതത്തിന്റെ ഭാഗമായിത്തീരുന്നു.

അതുകൊണ്ടുതന്നെ നാടും വീടും ഒരു പോലെ വൃത്തിയുള്ളതായിത്തീരുന്നു. നമ്മുടെ പാഠ്യ പദ്ധതിയിലും മാലിന്യ നിർമ്മാർജ്ജനവും പ്രത്യുൽപാദന മാർഗങ്ങളും പഠിപ്പിക്കണം. വളർന്നു വരുന്ന കുട്ടികളിൽ ശുചിത്വ ഭൂമിയുടെ അടയാളങ്ങൾ മനസ്സിലാക്കണം. ഈ വിഷയത്തില് കുട്ടികൾക്കും ചിലതു ചെയ്യുവാന് കഴിയും. സ്കൂളും പരിസരവും നിത്യേന ശുചീകരിക്കുക, സ്കൂളുകളിൽ ഡ്രൈ ഡേ ആചരിക്കുക, ബോധവൽക്കരണം നടത്തുക, ജാഥകൾ സംഘടിപ്പിക്കുക, ഫ്ളാഷ്മോബുകൾ, മാലിന്യ പ്രശ്നങ്ങളിലേക്ക് ശ്രദ്ധതിരിക്കാനുതകും വിധം ചെറുതും വലുതുമായ സെമിനാറുകൾ സംഘടിപ്പിക്കുക. അധ്യാപകർ കൈകെട്ടി നോക്കി നിൽക്കാതെ അവരും ഇത്തരം പ്രവൃത്തി ചെയ്തുകൊണ്ട് കുട്ടികൾക്കും നാട്ടുകാർക്കും മാതൃകയാവുക.



ചൈനയിലെ വേയ്സ്റ്റ് ടു എനർജി പ്ലാന്റ്



ന്യൂയോർക്കിലെ ന്യൂടൗൺ ക്രീക്ക് വേയ്സ്റ്റ് വാട്ടർ ട്രീറ്റ്മെന്റ് പ്ലാന്റ്

### മാലിന്യത്തിൽനിന്ന് ഇലക്ട്രിസിറ്റി

ചൈനയിലെ തെരുവോരത്തും മുക്കിലും മൂലയിലും വെച്ചിരിക്കുന്ന ചെറുതും വലുതുമായ മാലിന്യപെട്ടികളിൽ നിക്ഷേപിക്കുന്ന വേർതിരിച്ച മാലിന്യം അവ കയറ്റുന്ന വാഹനത്തിൽ കൊണ്ടുപോവുന്നു. വാഹനം മറ്റൊരിടത്തേക്കു നീങ്ങിത്തുടങ്ങുമ്പോൾതന്നെ അവ അതിൽ ഘടിപ്പിച്ച മെഷീനിലൂടെ സ്വയം സംസ്കരിച്ചു തുടങ്ങും. ഒടുവിൽ അവിടത്തെ മാലിന്യ സംസ്കരണകേന്ദ്രത്തിൽ എത്തുന്നതോടെ മറ്റൊരു മെഷീൻ അതേറ്റുവാങ്ങുകയും അവിടെവച്ചു യന്ത്രവൽകൃത സംസ്കരണ പ്രവൃത്തി ആരംഭിക്കുന്നു. വെയ്സ്റ്റ് ടു എനർജി (ഡബ്ല്യു.ടി.ഇ) ഉൽപ്പാദിപ്പിക്കുന്ന പ്ലാന്റിലേക്ക് ഈ മാലിന്യങ്ങൾ നീങ്ങിത്തുടങ്ങുന്നു. ഡബ്ല്യു.ടി.ഇ പദ്ധതിപ്രകാരം ആ നാടും നഗരവും പ്രകാശപൂരിതമാകുന്നു. ചുരുക്കിപ്പറഞ്ഞാൽ ജൈവമാലിന്യങ്ങളെ ഇലക്ട്രിസിറ്റി ആക്കി മാറ്റുന്നു. കറണ്ടുൽപ്പാദനത്തിന്റെ മറ്റൊരു മേഖലയിലേക്ക് ചൈന കടന്നെത്തിയിട്ട് കാൽനൂറ്റാണ്ടിലേറെയായി. 2030 ആവുമ്പോഴേക്കും അമേരിക്കയെ മറികടക്കുമെന്നാണ് അവർ വെല്ലുവിളിക്കുന്നത്.

### മാലിന്യരഹിത ലോക കേരളസഭ

അമേരിക്കയിൽ ചേരുന്ന ലോക കേരള സഭയിൽ ഡബ്ല്യു.ടി.ഇയെ കുറിച്ച് ചോദിച്ചറിയുന്നത് എന്തുകൊണ്ടും അഭികാമ്യമായിരിക്കും. കാരണം ഇന്ന് ലോകത്തിൽ ഏറ്റവും കൂടുതൽ വെയ്സ്റ്റ് ടു എനർജി ഉൽപാദിപ്പിക്കുന്ന രാജ്യം അമേരിക്കയാണ്. ലോകത്തിലെ ആദ്യത്തെ ഡബ്ല്യു.ടി.ഇ പ്ലാന്റ് നിർമ്മിച്ചത് ലോക കേരള സഭ നടക്കുന്ന ന്യൂയോർക്കിലാണ്, 1885ൽ ആ ടെക്നോളജി പഠിക്കാനും അവിടത്തെ മലയാളികളെ കൊണ്ട് ഇവിടെ ഡബ്ല്യു.ടി.ഇക്കുവേണ്ടി ഇൻവെസ്റ്റ് ചെയ്യിക്കാനുമുള്ള ചർച്ചകളാണ് നടക്കേണ്ടത്. എങ്കിൽ മാത്രമേ വിവാദമുയർന്ന ലോക കേരളസഭ സമ്മേളനം കൊണ്ട് എന്തെങ്കിലും പ്രചോദനം ലഭിക്കൂ. വിവാദക്കാരുടെ വായടക്കാൻ കിട്ടുന്ന അവസരം സർക്കാരിന് വിനിയോഗിക്കാനാവും. അല്ലാതെ കണ്ണുപൊട്ടൻ നാടുകാണാൻ പോയപോലെ ആയിത്തീരും അമേരിക്ക കണ്ട് മടങ്ങുന്ന ലോക കേരളസഭ പ്രതിനിധികൾ.

### അമേരിക്കൻ മലയാളി ഇൻവെസ്റ്റ് ചെയ്യുമോ?

സുഖലോലുപതയുടെ നടുവിൽ ജീവിക്കുന്ന അമേരിക്കൻ മലയാളികൾ ഇവിടെ ഇൻവെസ്റ്റ് ചെയ്യുമോ എന്നത് മറ്റൊരുകാര്യം. കാരണം അവരവിടെ ജീവിക്കുന്നത് അല്ലലില്ലാതെയാണ്. എല്ലാം വിരൽത്തുമ്പിലൂടെ നേടിയെടുക്കുന്ന ടെക്നോളജിയുടെ മടിത്തട്ടിലിരിക്കുന്നവർ സർക്കാരിന്റെ വീമ്പുപറച്ചിലിനപ്പുറം മറ്റൊന്നും ഇവിടെ നടക്കില്ലെന്ന് ബുദ്ധിയും വിദ്യാഭ്യാസവുമുള്ളവർ ഒരുവേള ചിന്തിച്ചുപോയെങ്കിൽ അവരെ കുറ്റം പറയാനാവില്ല. കാരണം അവർ അധ്വാനിച്ചുണ്ടാക്കിയ ഡോളർ ഇ.ഡിയുടെയും മറ്റും പരിശോധനയിൽ നിന്നും രക്ഷിക്കാൻ സർക്കാരിനാവുമോ? കൊട്ടിഘോഷിച്ചുണ്ടാക്കിയ കണ്ണൂർ വിമാനത്താവളം കഴിഞ്ഞ അഞ്ചുവർഷമായി മാസംതോറും അഞ്ചുകോടി രൂപ നഷ്ടത്തിലാണോടുന്നത്. കേന്ദ്രത്തിൽ നിന്നും ഒരു പി.ഒ.സി നേടിയെടുത്താൽ തീരുന്ന പ്രശ്നമായിട്ടുപോലും അതിനു ശ്രമിക്കാതെ കേന്ദ്ര സർക്കാരിനെ കുറ്റം പറഞ്ഞു നടക്കുകയാണ്. എയർപോർട്ടുണ്ടാക്കുന്നതിന് മുമ്പേ അവിടെ പി.ഒ.സി ലഭിക്കുമോ എന്ന പഠനം എന്തുകൊണ്ട് നടത്തിയില്ല? രാജ്യം മുഴുവൻ പണിയുന്ന എയർപോർട്ടുകൾക്കു പി.ഒ.സി കൊടുക്കാൻ നിന്നാൽ ഇൻഡസ്ട്രിയുടെ ബാലൻസ് തെറ്റും. ആഭ്യന്തര വിമാനസർവീസുകൾ ഓരോന്നായി അടച്ചുപൂട്ടിയ കഥ നമുക്കറിയാമല്ലോ.

പറഞ്ഞുതുടങ്ങിയത് നമ്മുടെ നാട്ടിലെ മാലിന്യങ്ങളെ എങ്ങനെ നീക്കം ചെയ്യും എന്നതിനെ കുറിച്ചാണ്. ജാതിയും, മതവും, രാഷ്ട്രീയവും മറന്നു നാം ഒന്നിക്കണം. പവിത്രമായ നമ്മുടെ മണ്ണ് വലിയൊരു ചവറ്റുകൂനയായി അധഃപതിക്കാതിരിക്കാൻ നാമോരുരുത്തതും ശ്രദ്ധിക്കണം. 1987-ലാണ് ഇന്ത്യയിലെ ആദ്യത്തെ ഡബ്ല്യു.ടി.ഇ പ്ലാന്റ് ഡൽഹിയിൽ തുടങ്ങിയത്. പതിനാലെണ്ണത്തിൽ ഏഴെണ്ണം അടച്ചുപൂട്ടേണ്ടി വന്നു. 40 മെഗാവാട്ട് വൈദ്യതി ഉൽപ്പാദിപ്പിക്കാൻ ഇവെസ്റ്റ് ചെയ്യേണ്ടത് 20-25 കോടി രൂപയാണ്.കോടികൾ ചെലവിട്ട് ട്രാഫിക് ക്യാമറകൾ സ്ഥാപിച്ചപോലെ, കെ-ഫോൺ ലൈനുകൾ ഇലക്ട്രിക് പോസ്റ്റിലൂടെ വലിച്ചപോലെ നാട്ടിലെ ഓരോ മുക്കിലും മൂലയിലും എ.ഐ ക്യാമറകൾ സ്ഥാപിച്ചുകൊണ്ട് മാലിന്യം വലിച്ചെറിയുന്നവരെ പിടികൂടുകയും അവർക്കു കനത്തപിഴ ചുമത്തുകയും ചെയ്യുക. അതോടപ്പം അതാതു തദ്ദേശസ്വയം ഭരണ സ്ഥാപനങ്ങൾ അവരവരുടെ ഓരോ വാർഡിലും മാലിന്യപ്പെട്ടികളും അവ ശേഖരിക്കാനുള്ള യന്ത്രവൽകൃത വാഹനങ്ങളും സജ്ജമാക്കുകയും അവ പ്രത്യുൽപാദനത്തിനായി വേണ്ടത്ര പ്ലാന്റുകൾ നിർമിക്കുകയും ചെയ്യുക. ശാസ്ത്രീയമായ രീതിയിൽ സംസ്കരണ പ്ലാന്റുകൾ നിർമിച്ചാൽ ജനങ്ങളുടെ എതിർപ്പുകൾ ഉണ്ടാവില്ല. സമരങ്ങളും എതിർപ്പുകളും കുറയും. അടുത്ത കേരള ലോകസഭ ചൈനയിൽ നടത്തിയാൽ അവിടത്തെ ടെക്നോളജിയും ചൈനീസ് മാതൃകയും നമുക്കോപ്പിയെടുക്കാനാവും. അവിടത്തെപോലെ ഇവിടെയും മാലിന്യത്തിൽനിന്നും ഇലക്ട്രിസിറ്റി ഉൽപാദിപ്പിച്ച് ഉപഭോക്താക്കൾക്കു വൈദ്യുതി വിലകുറച്ചു വിൽക്കാം. വരും തലമുറയ്ക്ക് വസിക്കുവാൻ പാകത്തിൽ പരിസ്ഥിതി സൗഹാർദ ഭവനമായി ഭൂമിയെ മാറ്റുവാൻ ഏവർക്കും കഴിയട്ടെ എന്ന് നമുക്ക് പ്രാർത്ഥിക്കാം. 'നവകേരളം എങ്ങോട്ട്, അമേരിക്കൻ മലയാളികളുടെ പങ്കും സഹകരണ സാധ്യതയും" എന്നവിഷയത്തെ കുറിച്ച് ജോൺ ബ്രിട്ടാസ് അവതരിപ്പിക്കുന്ന പ്രബന്ധത്തിൽ കേരളത്തിലെ മാലിന്യ നിർമാർജനം എങ്ങനെ അമേരിക്കൻ മാതൃകയിൽ നടത്താമെന്നുകൂടി പറയുമായിരിക്കും.



അത്തോളി സഹകരണ ആശുപത്രിയുടെ പുതിയ കെട്ടിടം മന്ത്രി വി.എൻ വാസവൻ ഉദ്ഘാടനം ചെയ്യുന്നു

# അത്തോളി സഹകരണ ആശുപത്രിയുടെ പുതിയ കെട്ടിടം നാടിന് സമർപ്പിച്ചു

അത്തോളി: സ്വകാര്യ മേഖലയിലെ ആശുപത്രികളുടെ സേവനം പുരയ്ക്ക് തീ പിടിക്കുമ്പോൾ വാഴ വെട്ടുമ്പോലെയെന്ന് പറയുന്നത് എത്രയോ ശരിയെന്ന് സഹകരണ വകുപ്പ് മന്ത്രി വി.എൻ വാസവൻ പറഞ്ഞു.

അത്തോളി സഹകരണ ആശുപത്രിയുടെ പുതിയ കെട്ടിടം ഉദ്ഘാടനം ചെയ്ത് സംസാരിക്കുകയായിരുന്നു മന്ത്രി. കൊവിഡ് കാലത്ത് നാട്ടിലുടനീളം ഓരോ വാർഡ്തല ജാഗ്രതാ സമിതിക്കും പൾസ് ഓക്സിമീറ്റർ ആവശ്യമായി വന്നു. ഈ സാഹചര്യത്തിൽ സ്വകാര്യ ആശുപത്രികൾ ഈടാക്കിയത് 3000 രൂപ, ഈ തുക സാധാരണക്കാർക്ക് താങ്ങാൻ പറ്റാതെ വന്നപ്പോൾ സഹകരണ പ്രസ്ഥാനമായ കൺസ്യൂമർ ഫെഡ് വഴി 900 രൂപയ്ക്ക് ഇവ ജനങ്ങളിൽ എത്തിച്ചു. ഇത് വീണ്ടും 500 രൂപയിൽ എത്തി. അനിവാര്യമാണ് എന്ന് കണ്ടപ്പോൾ 3000 രൂപയ്ക്ക് വിറ്റതിലൂടെ കടുത്ത ചൂഷണമാണ് സ്വകാര്യ ആശുപത്രികൾ ചെയ്തതെന്ന് മന്ത്രി കുറ്റപ്പെടുത്തി. സഹകരണ മേഖലയുടെ പ്രാഥമിക ലക്ഷ്യം സാമൂഹ്യ പ്രതിബദ്ധതയാണ്.

ഇത് നിലനിർത്തിയാണ് ആതുര സേവന രംഗത്ത് സഹകരണ ആശുപത്രികളുടെ സേവനം. സഹകരണ മേഖലയിലെ ആശുപത്രികളെ താരതമ്യം ചെയ്യുമ്പോൾ പൊതുമേഖലയോടൊപ്പമാണെന്നും മന്ത്രി കൂട്ടിച്ചേർത്തു.

കെ.എം സച്ചിൻ ദേവ് എം.എൽ.എ അധ്യക്ഷത വഹിച്ചു. അത്യാഹിത വിഭാഗത്തിന്റെ ഉദ്ഘാടനം ജമീല കാനത്തിൽ എം.എൽ.എയും നവീകരിച്ച ഫാർമസിയുടെ ഉദ്ഘാടനം കൺസ്യൂമർ ഫെഡ് ചെയർമാൻ എം. മെഹബൂബും ലാബിന്റെ ഉദ്ഘാടനം പന്തലായിനി ബ്ലോക്ക് പഞ്ചായത്ത് പ്രസിഡന്റ് പി. ബാബുരാജും ഡിജിറ്റൽ കാർഡിന്റെ ഉദ്ഘാടനം അത്തോളി പഞ്ചായത്ത് പ്രസിഡന്റ് ഷീബ രാമചന്ദ്രനും വെബ്സൈറ്റിന്റെ ഉദ്ഘാടനം ഉള്ളിയേരി ഗ്രാമപഞ്ചായത്ത് പ്രസിഡന്റ് സി. അജിതയും ഹെൽത്ത് കെയർ പദ്ധതിയുടെ ഉദ്ഘാടനം ജോയിന്റ് രജിസ്ട്രാർ ബി. സുധയും ഫോട്ടോ അനാച്ഛാദനം കോഴിക്കോട് സഹകരണ ആശുപത്രി ചെയർമാൻ പി.ടി അബ്ദുൾ ലത്തീഫും നിർവഹിച്ചു. പഞ്ചായത്ത് വൈസ് പ്രസിഡന്റ് സന്ദീപ് നാലുപുരക്കൽ, ജില്ലാ പഞ്ചായത്ത് അംഗം സിന്ധു സുരേഷ്, ഒള്ളൂർ ദാസൻ, ആശുപത്രി പ്രസിഡന്റ് കെ.കെ ബാബു, എം. രജിത, എൻ.കെ രാധാകൃഷ്ണൻ, ടി.കെ വിജയൻ, കോമള തോട്ടുളി എന്നിവർ സന്നിഹിതരായി. സെക്രട്ടറി എം.കെ സാദിഖ് റിപ്പോർട്ട് അവതരിപ്പിച്ചു.

# ഇച്ഛാശക്തിയും ആത്മധൈര്യവും ഉണ്ടെങ്കിൽ ഏത് കടമ്പകളേയും അതിജീവിക്കാനാകും: ഗോപിനാഥ് മുതുകാട്

## ‘വൈബ്രന്റ് കോഴിക്കോട് 23’ന് ആവേശകരമായ തുടക്കം

കോഴിക്കോട്: വിജയത്തിന് കുറുക്കുവഴികൾ ഇല്ലെന്ന് പ്രശസ്ത മജീഷ്യനും മോട്ടിവേഷൻ സ്പീക്കറുമായ ഗോപിനാഥ് മുതുകാട്. ഇച്ഛാശക്തിയും ആത്മധൈര്യവും ഉണ്ടെങ്കിൽ ഏത് കടമ്പകളെയും അതിജീവിക്കാനാകുമെന്ന് അദ്ദേഹം പറഞ്ഞു. ഹയർ സെക്കൻഡറി പരീക്ഷയിൽ വിജയം കൈവരിച്ച മുഴുവൻ വിദ്യാർഥികളെയും അനുമോദിക്കാൻ എം.കെ രാഘവൻ എം.പിയുടെ നേതൃത്വത്തിൽ സംഘടിപ്പിക്കുന്ന ‘വൈബ്രന്റ് കോഴിക്കോട് 2023’ ന്റെ ആദ്യപരിപാടി തലക്കുളത്തൂർ സി.എം.എം ഹയർ സെക്കൻഡറി സ്കൂളിൽ ഉദ്ഘാടനം ചെയ്ത് കുട്ടികളുമായി സംവദിക്കുകയായിരുന്നു അദ്ദേഹം. ചുറ്റുപാടിൽ നിന്നുള്ള പ്രോത്സാഹനം ഏതൊരാളിന്റെയും ആത്മധൈര്യത്തെ ഉദ്ദീപിപ്പിക്കും. കഠിനാധ്വാനത്തിലൂടെ സ്വായത്തമാക്കുന്ന ഓരോ വിജയത്തിനും ജീവിതത്തിൽ പത്തരമാറ്റ് തിളക്കമുണ്ടാകുമെന്നും അദ്ദേഹം ചൂണ്ടിക്കാട്ടി. എലത്തൂർ നിയോജകമണ്ഡലത്തിലെ പരിപാടിയാണ് ആദ്യദിവസം നടന്നത്. വിജയികൾക്ക് എം.കെ രാഘവൻ എം.പി ഫലകവും പ്രശസ്തി പത്രവും കൈമാറി. എം.കെ രാഘവൻ എം.പി അധ്യക്ഷത വഹിച്ച പരിപാടിയിൽ സി.എം.എം ഹയർ സെക്കൻഡറി സ്കൂൾ പ്രിൻസിപ്പാൾ ഫാത്തിമ ഹന്നാ ഹാഗാർ സ്വാഗതവും തലക്കുളത്തൂർ ഗ്രാമപഞ്ചായത്ത് അംഗം ബിന്ദു.പി നന്ദിയും പറഞ്ഞു. ഉന്നത വിജയം നേടിയവരെ മാത്രം അഭിനന്ദിക്കുകയും പ്രോത്സാഹിപ്പിക്കുകയും ചെയ്യുന്ന പ്രവണതയിൽ നിന്ന് മാറി, വിജയം കരസ്ഥമാക്കിയ മുഴുവൻ വിദ്യാർഥികളെയും അനുമോദിക്കാൻ കോഴിക്കോട് പാർലമെന്റ് മണ്ഡലത്തിൽ ആറ് പരിപാടികളാണ് എം.കെ രാഘവൻ എം.പി സംഘടിപ്പിക്കുന്നത്. 12ന് രാവിലെ 9.30ന് ബേപ്പൂർ നിയോജകമണ്ഡലത്തിലെ വിദ്യാർഥികളെ മണ്ണൂർ സി.എം ഹയർ സെക്കൻഡറി സ്കൂളിൽ സംഘടിപ്പിക്കുന്ന പരിപാടിയിൽ അഭിനന്ദിക്കും. പ്രശസ്ത സിനിമാ താരം പൂജിത മേനോൻ മുഖ്യാഥിതിയാവും. ജൂൺ 13ന് രാവിലെ 9.30ന് കുന്ദമംഗലം നിയോജക മണ്ഡലത്തിലെ വിജയികളെ കാരന്തൂർ മർക്കസ് ഐ.ടി.സി ഹാളിൽ വെച്ച് അനുമോദിക്കും. പ്രഗൽഭ പ്രഭാഷകൻ കൂടിയായ ഡോ. അബ്ദുസമദ് സമദാനി എം.പി മുഖ്യാഥിതിയാവും. ജൂൺ 14ന് രാവിലെ 9.30ന് ബാലുശ്ശേരി നിയോജക മണ്ഡലത്തിലെ വിജയികളെ ഗവ. ഗേൾസ് ഹയർ സെക്കൻഡറി സ്കൂളിൽ വെച്ച് നടക്കുന്ന ചടങ്ങിൽ അനുമോദിക്കും. ഉച്ചക്ക് 1.30ന് മുൻ ചീഫ് സെക്രട്ടറി ഡോ. കെ. ജയകുമാർ ഐ.എ.എസ് മുഖ്യാഥിതിയാവും. ഉച്ചക്ക് 1.30ന് കൊടുവള്ളി നിയോജക മണ്ഡലത്തിലെ വിജയികളെ എളേറ്റിൽ എം.ജെ ഹയർ സെക്കൻഡറി സ്കൂളിൽ വെച്ച് നടക്കുന്ന ചടങ്ങിൽ അനുമോദിക്കും. ഡോ. എം.കെ മുനീർ എം.എൽ.എ, ഡോ. കെ. ജയകുമാർ ഐ.എ.എസ് എന്നിവർ മുഖ്യാഥിതികളായിരിക്കും. ബേപ്പൂർ, കുന്ദമംഗലം, ബാലുശ്ശേരി, കൊടുവള്ളി നിയോജകമണ്ഡലങ്ങളിലെ അനുമോദന ചടങ്ങിൽ പ്രശസ്ത കരിയർ ഗൈഡൻസ് വിദഗ്ധനും കോളമിസ്റ്റും അക്കാദമീഷ്യനുമായ ഡോ.ടി.പി സേതുമാധവൻ വിദ്യാർത്ഥികൾക്ക് കരിയർ ഗൈഡൻസ് ക്ലാസുകൾ നൽകും. കോഴിക്കോട് നോർത്ത്, സൗത്ത് നിയോജകമണ്ഡലങ്ങളിലെ വിദ്യാർഥികളെ സംയുക്തമായി സംഘടിപ്പിക്കുന്ന ചടങ്ങിൽ ജൂൺ അവസാന വാരം അനുമോദിക്കും. ഡോ. ശശി തരൂർ എം.പി മുഖ്യാഥിതിയായിരിക്കും. 2017 മുതൽ കൊവിഡ് കാലത്ത് ഒഴികെ തുടർച്ചയായി കോഴിക്കോട് പാർലമെന്റ് മണ്ഡലത്തിൽ ‘വൈബ്രന്റ് കോഴിക്കോട്’ പദ്ധതി നടത്തി വരികയാണ്. വിദ്യാഭ്യാസ മേഖലയിൽ പ്രവർത്തിക്കുന്ന ഒരുകൂട്ടം സന്നദ്ധ പ്രവർത്തകരുടെയും വിദ്യാഭ്യാസ പ്രവർത്തകരുടെയും അധ്യാപകരുടെയും സഹകരണത്തോടെയാണ് ‘വൈബ്രന്റ് കോഴിക്കോട്’ പദ്ധതി ആവിഷ്കരിച്ചിട്ടുള്ളത്.




‘വൈബ്രന്റ് കോഴിക്കോട് 2023’ ന്റെ ആദ്യപരിപാടി തലക്കുളത്തൂർ സി.എം.എം ഹയർ സെക്കൻഡറി സ്കൂളിൽ ഉദ്ഘാടനം ചെയ്യുന്ന ഗോപിനാഥ് മുതുകാട്. എം.കെ രാഘവൻ എം.പി സമീപം

# സംസ്ഥാന ബാഡ്മിന്റൻ ചാമ്പ്യൻഷിപ്പ് സീനിയർ വിഭാഗം സമാപിച്ചു; അജയ് സതീഷ് കുമാറും ഫർസ നസ്രീനും ചാമ്പ്യന്മാർ




സംസ്ഥാന ബാഡ്മിന്റൻ ചാമ്പ്യൻഷിപ്പ് സീനിയർ വിഭാഗം ജേതാക്കൾ

കോഴിക്കോട്: ജില്ല ബാഡ്മിന്റൻ അസോസിയേഷന്റെ ആഭിമുഖ്യത്തിൽ ആറു ദിവസങ്ങളിലായി ഇൻഡോർ സ്റ്റേഡിയത്തിൽ നടന്ന സാവിത്രി ദേവി സാബു മെമ്മോറിയൽ സംസ്ഥാന ബാഡ്മിന്റൻ റാങ്കിങ് പ്രൈസ് മണി ടൂർണമെന്റ് സമാപിച്ചു. സീനിയർ വിഭാഗത്തിൽ അജയ് സതീഷ് കുമാറും (തിരുവനന്തപുരം) ,ഫർസ നസ്രീനും (തിരുവന്തപുരം) ചാമ്പ്യന്മാരായി. റണ്ണർ അപ്പ് അർജുൻ ഷൈനും (തിരുവനന്തപുരം) ആൻഡ്രിയ സാറ കുര്യനു( എറണാകുളം) മാണ്. ഡബിൾസ് പുരുഷ വിഭാഗത്തിൽ അതിൻ കെ അജയ് (എറണാകുളം), വനിതാ വിഭാഗത്തിൽ സി.എച്ച് കീർത്തികയും (കണ്ണൂർ ), നയന ഒയാസിസും (കോഴിക്കോട്) ചാമ്പ്യൻമാരായി. മിക്സഡ് ഡബിൾസിൽ എഡ്വിൻ ജോയ് ( കോഴിക്കോട് ), ഗൗരി കൃഷ്ണയും (പത്തനംതിട്ട) ചാമ്പ്യന്മാരായി. ഇൻഡോർ സ്റ്റേഡിയത്തിൽ നടന്ന ചടങ്ങിൽ വിജയികൾക്ക് ജില്ല സ്പോർട്സ് കൗൺസിൽ പ്രസിഡന്റ് ഒ. രാജഗോപാൽ സമ്മാനദാനം നിർവഹിച്ചു.

ജില്ല ബാഡ്മിന്റൻ അസോസിയേഷൻ പ്രസിഡന്റ് സഞ്ജീവ് സാബു അധ്യക്ഷത വഹിച്ചു. ബാഡ്മിന്റൻ അസോസിയേഷൻ ഓഫ് ഇന്ത്യ സീനിയർ വൈസ് പ്രസിഡന്റ് എസ്.മുരളീധരൻ , കെ.ബി.എസ്.എ മുൻ പ്രസിഡന്റ് എ. വത്സലൻ, കെ.ബി.എസ്.എ വൈസ് പ്രസിഡന്റ് താരിഖ് മുഹമ്മദ് എന്നിവർ സംസാരിച്ചു. കെ.ഡി.ബി.എ ജനറൽ സെക്രട്ടറി ഇ.ആർ വൈശാഖ് സ്വാഗതവും ട്രഷറർ കെ.ഹരികൃഷ്ണൻ നന്ദിയും പറഞ്ഞു.



തലശ്ശേരി മുബാറക്ക് ഹയർ സെക്കൻഡറി സ്കൂളിലെ സാമൂഹ്യശാസ്ത്ര ക്ലബിലേയും, സ്കൗട്സ് ആൻഡ് ഗൈഡ്സിലെ വിദ്യാർഥികളും സമുദ്രദിനത്തിൽ തലായി കടൽ തീരം ശുചീകരണത്തിനായി എത്തിയപ്പോൾ

# സമുദ്രദിനത്തിൽ തീരം ശുചീകരിച്ച് വിദ്യാർഥികൾ

തലശ്ശേരി: അന്താരാഷ്ട്ര സമുദ്രദിനത്തിൽ വിദ്യാർഥികൾ കടൽതീരം ശുചീകരിച്ചു. തലശ്ശേരി മുബാറക്ക് ഹയർ സെക്കൻഡറി സ്കൂൾ സാമൂഹ്യശാസ്ത്ര ക്ലബിന്റെയും, സ്കൗട്സ് ആൻഡ് ഗൈഡ്സ് വിദ്യാർഥികളും ചേർന്നാണ് തലായി കടൽ തീരം ശുചീകരണം നടത്തിയത്. ഹെഡ് മിസ്ട്രസ് കെ.ടി.പി ആയിഷ ഉദ്ഘാടനം ചെയ്തു. എം.പി മജീദ്, എൻ.പി അഷ്റഫ്, സി.പി മൂസ, കെ.പി അഷ്റഫ്, കെ.കുഞ്ഞബ്ദുല്ല, സുറുമി, പി.എം അഷ്റഫ് സംസാരിച്ചു. ഹെഡ്മിസ്ട്രസ് സമുദ്രദിന പ്രതിജ്ഞ ചൊല്ലികൊടുത്തു.

# ‘ഞങ്ങൾ ഹരിതകർമ സേനയ്ക്കൊപ്പം’

## ഹരിതകർമ സേനാംഗങ്ങൾക്ക് കുടുംബശ്രീ പിന്തുണ നൽകും

തിരുവനന്തപുരം: ‘മാലിന്യ മുക്തം നവകേരളം’ ക്യാമ്പയ്നിന്റെ ഭാഗമായി സംസ്ഥാനമെമ്പാടും ഊർജിതമായി പ്രവർത്തിക്കുന്ന ഹരിതകർമ സേനാംഗങ്ങൾക്ക് കുടുംബശ്രീയുടെ 46 ലക്ഷം അംഗങ്ങൾ ‘ഞങ്ങൾ ഹരിതകർമ സേനയ്ക്കൊപ്പം’ എന്ന് പിന്തുണ പ്രഖ്യാപിക്കുന്നു. നിലവിൽ ഹരിതകർമ സേനകൾ നൽകുന്ന വാതിൽപ്പടി സേവനങ്ങൾക്ക് ഉപഭോക്താക്കളിൽ നിന്നു ലഭിക്കുന്ന യൂസർ ഫീ വളരെ കുറവായ സാഹചര്യത്തിലാണിത്.

ഇതു പരിഹരിക്കുന്നതിന്റെ ഭാഗമായി ജൂൺ 10,11 തീയതികളിൽ ചേരുന്ന അയൽക്കൂട്ട യോഗങ്ങളിൽ ഹരിതകർമ സേനയ്ക്ക് പിന്തുണ പ്രഖ്യാപനം നടത്താനാണ് തീരുമാനം. യോഗത്തിൽ പങ്കെടുക്കുന്ന ഓരോ അംഗവും തങ്ങളുടെ വീട്ടിൽ നിന്നും അജൈവ മാലിന്യം വൃത്തിയാക്കി ഹരിതകർമ സേനക്ക് നൽകുമെന്നും ലഭ്യമാകുന്ന സേവനത്തിന് നിയമാനുസൃതം സർക്കാർ നിശ്ചയിച്ചിട്ടുള്ള യൂസർഫീസ് നൽകുമെന്നും പ്രഖ്യാപിച്ചുകൊണ്ട് പിന്തുണ അറിയിക്കും. ക്യാമ്പയ്നിന്റെ ഭാഗമായി എല്ലാ അയൽക്കൂട്ട അംഗങ്ങളുടെയും വീടുകളിൽ നിന്നും എല്ലാ മാസവും കൃത്യമായി ഹരിതകർമ സേനകൾക്ക് യൂസർ ഫീസ് നൽകും. കുടുംബശ്രീ എക്സിക്യൂട്ടീവ് ഡയറക്ടർ ഇതു സംബന്ധിച്ച സർക്കുലർ ഇറക്കി.

സംസ്ഥാനമൊട്ടാകെ 32440 ഹരിതകർമ സേനകൾ പ്രവർത്തിക്കുന്നുണ്ട്. അജൈവ മാലിന്യ ശേഖരണത്തിന് ഗ്രാമപ്രദേശങ്ങളിൽ പ്രതിമാസം 50 രൂപയും നഗരങ്ങളിൽ 70 രൂപയും കച്ചവട സ്ഥാപനങ്ങൾക്ക് 100 രൂപയുമാണ് ഇവർക്ക് യൂസർ ഫീ ഇനത്തിൽ ലഭിക്കുക. നിലവിൽ കേരളത്തിൽ ആകെയുള്ള വീടുകളിൽ പകുതിയോളം വീടുകളിൽ നിന്നു മാത്രമാണ് ഹരിതകർമ സേനയ്ക്ക് യൂസർഫീസ് ലഭിക്കുന്നത്. ഇത് ഹരിതകർമ സേനയുടെ വരുമാന ലഭ്യതയെ സാരമായി ബാധിക്കുന്നു എന്നാണ് കണ്ടെത്തൽ. ഈ സാഹചര്യത്തിലാണ് 45 ലക്ഷത്തിലധികം വരുന്ന അയൽക്കൂട്ട കുടുംബങ്ങളിൽ നിന്നും യൂസർഫീ ശേഖരണം ഊർജിതമാക്കി ഹരിതകർമ സേനയ്ക്ക് പിന്തുണ പ്രഖ്യാപിക്കുന്നതിനുള്ള തീരുമാനം.

അയൽക്കൂട്ട കുടുംബങ്ങൾക്കൊപ്പം മറ്റു വിഭാഗങ്ങളിൽ നിന്നു കൂടി യൂസർഫീസ് ശേഖരണം കാര്യക്ഷമമാകുന്നതോടെ നിലവിൽ ഹരിതകർമസേന നേരിടുന്ന സാമ്പത്തിക പ്രതിസന്ധിക്ക് പരിഹാരം കണ്ടെത്താൻ കഴിയുമെന്നാണ് പ്രതീക്ഷ. ‘മാലിന്യ മുക്തം നവകേരളം’ ലക്ഷ്യമിട്ട് കുടുംബശ്രീ ബാലസഭാംഗങ്ങൾക്കായി നടത്തുന്ന ‘ശുചിത്വോത്സവം’ ക്യാമ്പയ്നിന്റെ ഭാഗമായി ജൂൺ 11ന് ‘നാടിൻ ശുചിത്വം, നമ്മൾ ഒന്ന്’ എന്ന ക്യാമ്പയ്നും സംഘടിപ്പിക്കും. ബാലസഭ, ഹരിതകർമ സേന, അയൽക്കൂട്ടം ഇവയിലെ അംഗങ്ങൾ സംയുക്തമായി ഭവന സന്ദർശനം നടത്തി ഹരിതകർമ സേനാ പദ്ധതി, യൂസർഫീ ശേഖരണത്തിന്റെ പ്രാധാന്യം എന്നിവ സംബന്ധിച്ച് സന്ദേശവും നൽകും.

# തലശ്ശേരിയിലും ന്യൂ മാഹിയിലും എം.ഡി.എം.എ വിൽപ്പന സംഘം പിടിയിൽ

തലശേരി: പുതിയ ബസ്സ്സ്റ്റാൻഡിന് സമീപം 956 ഗ്രാം ഹാഷിഷ് ഓയിലും, 29.260 ഗ്രാം എം.ഡി.എം.എയുമായി യുവാവിനെ പോലിസ് അറസ്റ്റ് ചെയ്തു. കണ്ണൂർ സിറ്റിയിലെ ഷെയ്ക്ക് മസ്ജിദിനു സമീപം ബൈത്തുൽ നിസാർ ഹൗസിൽ ടി.കെ മുഹമ്മദ് റഫീഖിനെയാണ് തലശ്ശേരി പോലിസ് ഇൻസ്പെക്ടർ എം. അനിൽ അറസ്റ്റു ചെയ്തത്.

ബുധനാഴ്ച രാത്രി പുതിയ ബസ് സ്റ്റാൻഡ് ഡാലിയ അർക്കേഡ് കെട്ടിടത്തിന്റെ പാർക്കിങ് ഗ്രൗണ്ടിൽ വച്ചാണ് യുവാവിനെ പിടികൂടിയത്. ഇയാളെ തലശ്ശേരി ജെ.എഫ്.സി.എം കോടതി റിമാന്റ് ചെയ്തു.

ന്യൂമാഹി അറവിലകത്ത് പാലത്തിനടുത്ത് പുളിയുള്ളതിൽ പീടിക റോഡിൽ നിർത്തിയിട്ട കാറിലും ലഹരിമരുന്ന് കണ്ടെത്തി. ദുരൂഹ സാഹചര്യത്തിൽ അർധരാത്രിയിൽ കാർ പാർക്ക് ചെയ്തത് ശ്രദ്ധയിൽ പെട്ട നൈറ്റ് പട്രോൾ പോലിസ് പരിശോധനക്കെത്തിയപ്പോൾ കാറിനകത്ത് നിന്നും മൂന്ന് പേർ പുറത്തേക്ക് ചാടി ഇരുട്ടിലേക്ക് ഓടി മറഞ്ഞു.

പോലിസ് പിന്നാലെ ഓടിയെങ്കിലും പിടികൂടാനായില്ല പരിശോധനയിൽ കാറിനകത്ത് 15 ഗ്രാം എം.ഡി.എം.എ ഉണ്ടായിരുന്നു. കാറും ലഹരിമരുന്നും പോലിസ് കസ്റ്റഡിയിലെടുത്ത് സ്റ്റേഷനിലേക്ക് മാറ്റി. രക്ഷപ്പെട്ടവർക്കായി അന്വേഷണം ആരംഭിച്ചു. ന്യൂ മാഹി എസ്.ഐ ടി.കെ അഖിലിന്റെ നേതൃത്വത്തിലുള്ള സംഘമാണ് ലഹരി വസ്തു പിടിച്ചെടുത്തത്.

രക്ഷപ്പെട്ടവർ നാദാപുരം സ്വദേശികളാണന്ന് സൂചനയുണ്ട്. കേരള-മാഹി അതിർത്തിയായ അറവിലകത്ത് പാലം പരിസരത്ത് രാപകലില്ലാതെ രാസലഹരിമാഫിയാ സംഘങ്ങൾ വിലസുകയാണ്. സമീപവാസികൾ ഇവരെ ഭയപ്പെട്ടാണ് കഴിയുന്നത്.

ന്യൂമാഹിയിൽ എം.ഡി.എം.എ കടത്തുന്നതിനായി ഉപയോഗിച്ച കാർ പിടിച്ചെടുത്തപ്പോൾ





ഒഡീഷയിലെ ബാലസോറിൽ നടന്ന റെയിൽവേ അപകടത്തിൽ മരിച്ചവരുടെ ആദരസൂചകമായി ചങ്ങനാശ്ശേരി റെയിൽവേ സ്റ്റേഷൻ പരിസരത്ത് ആർ.ജെ.ഡിയുടെ നേതൃത്വത്തിൽ നടന്ന പ്രതിഷേധ ധർണയിൽ നിന്ന്

## ബാലസോർ ട്രെയിൻ ദുരന്തം; റെയിൽവേ സ്റ്റേഷനുകളിൽ പ്രതിഷേധ ധർണയും റീത്ത് സമർപ്പണവും നടത്തി

കോട്ടയം: ഒഡീഷയിലെ ബാലസോറിൽ നടന്ന റെയിൽവേ അപകടത്തിൽ മരിച്ചവരുടെ ആദരസൂചകമായി ആർ.ജെ.ഡി സംസ്ഥാന കമ്മിറ്റിയുട ആഹ്വാനപ്രകാരം സംസ്ഥാന വ്യാപകമായി തെരഞ്ഞെടുത്ത റെയിൽവേ സ്റ്റേഷനുകളിൽ മാർച്ചും പ്രതിഷേധ ധർണയും റീത്ത് സമർപ്പണവും നടത്തി.

ചങ്ങനാശ്ശേരി റെയിൽവേ സ്റ്റേഷനിൽ ധർണയ്ക്കും റീത്ത് സമർപ്പിക്കലിനും സംസ്ഥാന സെക്രട്ടറി സജിത്ത് പി.എം, ജില്ല പ്രസിഡന്റ് മാന്നാനം സുരേഷ്, യുവ രാഷ്ട്രീയ ജനതാദൾ സംസ്ഥാന വൈസ് പ്രസിഡന്റ് പ്രിയൻ ആന്റണി, യുവ രാഷ്ട്രീയ ജനതാദൾ സംസ്ഥാന സെക്രട്ടറി അനുപ്രിയൻ, യുവ രാഷ്ട്രീയ ജനതാദൾ കോട്ടയം ജില്ലാ പ്രസിഡന്റ് ജിതിക, ചങ്ങനാശ്ശേരി മണ്ഡലം കൺവീനർ അനിൽകുമാർ ഇല്ലമ്പള്ളി എന്നിവർ നേതൃത്വം നൽകി. കോട്ടയം റെയിൽവേ സ്റ്റേഷന് മുമ്പിൽ നടത്തിയ സമരത്തിന് സംസ്ഥാന വൈസ് പ്രസിഡന്റ് കെ.ടി ജോസഫ്, ഇടുക്കി ജില്ലാ പ്രസിഡന്റ് രാജു മുണ്ടക്കാട്ട്, കോസി സാർ, സോജൻ കുരുവിള, രാംദാസ്, ജിഷ വി. നായർ, അനിൽകുമാർ, ബാബു ചെറിയാൻ, പ്രദീപ ് എന്നിവർ നേതൃത്വം നൽകി.

# രണ്ടാംദിനം ഇന്ത്യക്ക് ബാറ്റിങ് തകർച്ച

## ഇന്ത്യ അഞ്ചിന് 151. അജിൻക്യ രഹാനെ (29*), ശ്രീകർ ഭരത്(5*) എന്നിവർ ക്രീസിൽ

ലണ്ടൻ: ടെസ്റ്റ് ചാമ്പ്യൻഷിപ്പ് ഫൈനലിൽ ആസ്ട്രേലിയക്കെതിരേ വിയർത്ത് ഇന്ത്യ. ഓസ്ട്രേലിയയുടെ ഒന്നാമിന്നിംഗ്സ് സ്കോറായ 469 റൺസിനെതിരേ ബാറ്റിംഗ് തുടരുന്ന ഇന്ത്യ രണ്ടാം ദിനം കളി നിർത്തുമ്പോൾ അഞ്ച് വിക്കറ്റ് നഷ്ടത്തിൽ 151 റൺസെന്ന നിലയിലാണ്. അജിൻക്യ രഹാനെയും വിക്കറ്റ് കീപ്പർ ബാറ്റ്സ്മാൻ ശ്രീകർ ഭരതുമാണ് ക്രീസിൽ. കളിയുടെ ഫലത്തിൽ നിർണായകമാകുക മൂന്നാം ദിനമായ ഇന്ന് ഇന്ത്യക്ക് എത്രത്തോളം പിടിച്ചുനിൽക്കാനാകുമെന്നതിലാണ്. നിലവിൽ ഓസീസ് സ്കോറിനേക്കാൾ 318 റൺസ് പിന്നിലാണ് ഇന്ത്യ. ഇന്നിംഗ്സ് തോൽവിയിലേക്കാണോ ഇന്ത്യയുടെ പോക്കെന്ന ആശങ്കയിലാണ് ആരാധകരും. ഇന്ത്യൻ സ്കോർ 30ൽ എത്തിയപ്പോൾ തന്നെ നായകൻ രോഹിത് ശർമയെ നഷ്ടമായി. 15 റൺസാണ് രോഹിത് എടുത്തത്. ഇതേ സ്കോറിൽ വെച്ച് തന്നെ ശുഭ്മാൻ ഗില്ലും പുറത്തായതോടെ ഇന്ത്യ 2ന് 30 റൺസ് എന്ന നിലയായി. 13 റൺസായിരുന്നു ഗില്ലിന്റെ സമ്പാദ്യം. 14 റൺസെടുത്ത പൂജാരയും 14 റൺസെടുത്ത കോഹ്ലിയും പിന്നാലെ വീണതോടെ ഇന്ത്യ 4ന് 71 എന്ന നിലയിൽ തകർന്നു. അഞ്ചാം വിക്കറ്റിൽ രഹാനെയും ജഡേജയും ചേർന്നുള്ള കൂട്ടുകെട്ടാണ് സ്കോർ 100 കടത്തിയത്. ഏകദിന ശൈലിയിലായിരുന്നു ജഡേജ ബാറ്റ് വീശിയത്. 51 പന്തിൽ ഏഴ് ഫോറും ഒരു സിക്സും അടക്കം 48 റൺസെടുത്ത് നിൽക്കെ ജഡേജ നഥാൻ ലിയോണിന്റെ പന്തിൽ പുറത്താകുകയായിരുന്നു. പിന്നീടെത്തിയ ശ്രീകർ ഭരതുമൊന്നിച്ച് കൂടുതൽ നഷ്ടമില്ലാതെ രണ്ടാം ദിനം അവസാനിപ്പിക്കാൻ രഹാനെക്ക് സാധിച്ചു. രഹാനെ 29 റൺസുമായും ഭരത് 5 റൺസുമായും ക്രീസിലുണ്ട്. ആസ്ട്രേലിയക്ക് വേണ്ടി മിച്ചൽ സ്റ്റാർക്ക്, പാറ്റ് കമ്മിൻസ്, കാമറൂൺ ഗ്രീൻ, സ്കോട്ട് ബോളണ്ട്, ലഥാൻ ലിയോൺ എന്നിവർ ഓരോ വിക്കറ്റുകൾ വീതം വീഴ്ത്തി. നേരത്തെ മൂന്നിന് 327 റൺസെന്ന നിലയിൽ ബാറ്റിങ്ങ് ആരംഭിച്ച ആസ്ട്രേലിയക്ക് 142 റൺസ് കൂട്ടിച്ചേർക്കുന്നതിനിടെ ബാക്കിയുള്ള ഏഴ് വിക്കറ്റുകളും നഷ്ടമായി.


ചേതേശ്വർ പൂജാരയെ പുറത്താക്കിയ കാമറൂൺ ഗ്രീനിന്റെ ആഹ്ലാദം

രണ്ടാംദിനം ആദ്യം പുറത്തായത് ട്രാവിസ് ഹെഡായിരുന്നു. 174 പന്തിൽ 163 റൺസ് നേടിയ ഹെഡിനെ സിറാജ് ഭരതിന്റെ കൈകളിലെത്തിച്ചു. തുടർന്നു വന്ന കാമറൂൺ ഗ്രീനിനെ (6) ഷമി പുറത്താക്കി. സെഞ്ചുറി നേടിയ സ്റ്റീവ് സ്മിത്തിന്റെ (268 പന്തിൽ 121 റൺസ്) വിക്കറ്റ് ഷാർദുൽ താക്കൂറിനാണ്. വിക്കറ്റ് കീപ്പർ ബാറ്റ്സ്മാൻ അലക്സ് കാരി(48)ക്ക് മാത്രമേ ആസ്ട്രേലിയൻ നിരയിൽ രണ്ടാംദിനം തിളങ്ങാനായുള്ളൂ. ഇന്ത്യക്ക് വേണ്ടി സിറാജ് നാലും മുഹമ്മദ് ഷമി, ഷാർദുൽ താക്കൂർ രണ്ട് വിക്കുകൾ വീതവും ജഡേജ ഒരു വിക്കറ്റും നേടി.

# ഭൗതികമായി ഒന്നും നേടാതെ എല്ലാം രാഷ്ട്രത്തിന് വേണ്ടി സമർപ്പിച്ച വ്യക്തിത്വമായിരുന്നു മൊയ്തുമൗലവി: ഡോ. കെ.ഗോപാലൻകുട്ടി

കോഴിക്കോട്: ജീവിതത്തിലുടനീളം ത്യാഗനിർഭരമായ ജീവിതം നയിക്കുകയും സ്വാതന്ത്ര്യത്തിനായി പോരാടുകയും ചെയ്ത ദേശാഭിമാനിയായിരുന്നു മൊയ്തു മൗലവിയെന്ന് പ്രസിദ്ധ ചരിത്രകാരൻ ഡോ. കെ.ഗോപാലൻകുട്ടി പറഞ്ഞു. മൊയ്തുമൗലവിയുടെ 28ാം ചരമവാർഷികത്തോടനുബന്ധിച്ച് സംഘടിപ്പിച്ച 'സ്വാതന്ത്ര്യ സമരസേനാനി മൊയ്തു മൗലവി' അനുസ്മരണ പരിപാടിയിൽ മുഖ്യപ്രഭാഷണം നടത്തുകയായിരുന്നു അദ്ദേഹം.

നിരവധി ജയിലുകളിൽ അദ്ദേഹം രാഷ്ട്ര സ്വാതന്ത്ര്യത്തിന് വേണ്ടി കഠിനതടവ് അനുഭവിക്കുകയും കൊടിയ മർദനം ഏറ്റുവാങ്ങിയിട്ടുമുണ്ട്. ബഹുഭാഷാ പണ്ഡിതൻ, ഗ്രന്ഥകർത്താവ്, തികഞ്ഞ മതേതരവാദി, ഉജ്വലനായ പത്രാധിപൻ ഉൾപ്പെടെ അദ്ദേഹത്തിന്റെ കർമമേഖല വിപുലമായിരുന്നു. ഒന്നും ഭൗതികമായി നേടാതെ എല്ലാം രാഷ്ട്രത്തിനായി സമർപ്പിച്ച വ്യക്തിത്വമായിരുന്നു മൗലവിയുടേത്. ആദർശത്തിൽ നിന്ന് ഒന്ന് വ്യതിചലിച്ചിരുന്നെങ്കിൽ അദ്ദേഹത്തിന് പലതും നേടാനാകുമായിരുന്നു. അക്കാലത്ത് മാറി ചിന്തിച്ചവർ പാക്ക് ഹൈകമ്മീഷണറും മന്ത്രിയുമായി മാറിയിട്ടുണ്ട്. നിശ്ചയദാർഢ്യവും എളിമയും ഒന്നിനോടും ആർത്തിയുമില്ലാത്ത വ്യക്തിത്വവുമായിരുന്നു അദ്ദേഹത്തിന്റേത്. ഹോംറൂൾ പ്രക്ഷോഭ കാലത്താണ് അദ്ദേഹം പൊതുപ്രവർത്തന രംഗത്തേക്ക് വരുന്നത്. പത്രമെന്നത് തീപന്തമാണെന്നും നന്മകളുടെ വെളിച്ചമാണെന്നും തിൻമകളെ ചുട്ടുകരിക്കാനുള്ളതാണെന്നുമായിരുന്നു അദ്ദേഹത്തിന്റെ നിലപാട്. പത്രപ്രവർത്തകർ പ്രലോഭനങ്ങൾക്ക് പിന്നാലെ പോകരുതെന്നും പ്രമാണിമാർക്കുവേണ്ടി എഴുതരുതെന്നും അദ്ദേഹം ഉദ്ബോധിപ്പിച്ചു. അന്ധവിശ്വാസങ്ങൾക്കും അനാചാരങ്ങൾക്കുമെതിരേ ധീരമായ നിലപാട് കൈക്കൊണ്ടു. വിവാഹം മലയാളത്തിൽ നടത്തികൊടുത്തപ്പോൾ യാഥാസ്ഥിതികർ വിമർശിച്ചപ്പോൾ അദ്ദേഹം പറഞ്ഞത് ഇത് കേരളമാണെന്നും താൻ അറബി പണ്ഡിതനാണെന്നും സൗദി അറേബ്യയിൽ അരിഭക്ഷണമില്ലല്ലോ എന്നുമായിരുന്നു. ഭാഷാ അടിസ്ഥാനത്തിലുള്ള ഉപദേശീയതയാണ് അദ്ദേഹം ഇവിടെ ഉയർത്തി കാണിച്ചത്. ഇന്ന് ഇന്ത്യയിൽ പൗരനെ പ്രജയാക്കുകയാണ്. പ്രജക്ക് ചോദ്യം ചെയ്യാനാവില്ല, മറ്റവകാശങ്ങളുമില്ല. പൗരാവകാശങ്ങൾ ദേശീയ പ്രസ്ഥാനത്തിലൂടെ ഉറച്ചതാണ്. യുക്തിചിന്ത, ബഹുസ്വരത, ജനാധിപത്യം എന്നീ ആദർശങ്ങൾ ഉയർത്തിപിടിച്ച വ്യക്തിത്വമായിരുന്നു മൊയ്തുമൗലവിയുടേത്.

വ്യക്തികൾ താൻ ജീവിച്ച കാലത്തിനപ്പുറത്തേക്ക് പോകുമ്പോഴാണ് സമൂഹം അവരെ സ്മരിക്കുകയെന്ന ദ്ദേഹം കൂട്ടിച്ചേർത്തു. പരിപാടി തോട്ടത്തിൽ രവീന്ദ്രൻ എം.എൽ.എ ഉദ്ഘാടനം ചെയ്തു. പി.ആർ.ഡി മേഖല ഡെപ്യൂട്ടി ഡയരക്ടർ കെ.ടി ശേഖരൻ അധ്യക്ഷത വഹിച്ചു. മൊയ്തുമൗലവി സ്മാരക ചരിത്ര മ്യൂസിയത്തിൽ ഒരുക്കുന്ന ചരിത്ര ലൈബ്രറിയിലേക്ക് ഡോ. എം.വസിഷ്ഠ് നൽകിയ പുസ്തകം തോട്ടത്തിൽ രവീന്ദ്രൻ എം.എൽ.എ ഏറ്റുവാങ്ങി. അഡ്വ.എം.രാജൻ ആശംസകൾ നേർന്നു. ഡോ.എം.വസിഷ്ഠ് സ്വാഗതവും, അസി. ഇൻഫർമേഷൻ ഓഫിസർ സൗമ്യ മത്തായി നന്ദിയും പറഞ്ഞു.




1. മൊയ്തുമൗലവിയുടെ 28ാം ചരമവാർഷികത്തോടനുബന്ധിച്ച് സംഘടിപ്പിച്ച 'സ്വാതന്ത്ര്യ സമരസേനാനി മൊയ്തുമൗലവി' അനുസ്മരണ പരിപാടിയിൽ മുഖ്യപ്രഭാഷണം നടത്തുന്ന ചരിത്രകാരൻ ഡോ. കെ.ഗോപാലൻകുട്ടി 2. മൊയ്തുമൗലവി സ്മാരക ചരിത്ര മ്യൂസിയത്തിൽ ഒരുക്കുന്ന ചരിത്രലൈബ്രറിയിലേക്ക് ഡോ.എം.വസിഷ്ഠ് നൽകിയ പുസ്തകം തോട്ടത്തിൽ രവീന്ദ്രൻ എം.എൽ.എ ഏറ്റുവാങ്ങുന്നു

# ചെറുവണ്ണൂർ നല്ലളം കുടുംബാരോഗ്യ കേന്ദ്രം ഇനി പുതുമോടിയിൽ; പുതിയ കെട്ടിടം ഉദ്ഘാടനം ചെയ്തു

കോഴിക്കോട്: ഫാമിലി ഹെൽത്ത് സെന്ററായി ഉയർത്തിയ ചെറുവണ്ണൂർ-നല്ലളം ആരോഗ്യ കേന്ദ്രത്തിന് 1.38 കോടി രൂപ ചെലവിട്ട് വി.കെ.സി ചാരിറ്റബിൾ ഫൗണ്ടേഷൻ സൗജന്യമായി നിർമിച്ചു നൽകിയ പുതിയ കെട്ടിടം ആരോഗ്യ, വനിതാ ശിശു വികസന വകുപ്പ് മന്ത്രി വീണാ ജോർജ് ഉദ്ഘാടനം ചെയ്തു. പൊതുമരാമത്ത്, ടൂറിസം വകുപ്പു മന്ത്രി പി.എ മുഹമ്മദ് റിയാസ് അധ്യക്ഷത വഹിച്ചു. സ്ഥല പരിമിതിയും സൗകര്യങ്ങളുടെ അപര്യാപ്തതയും കാരണം വീർപ്പുമുട്ടിയിരുന്ന കുടുംബാരോഗ്യ കേന്ദ്രത്തിന് വിശാലമായ പുതിയ കെട്ടിടം പുതുജീവൻ നൽകും. ഉദ്ഘാടന ചടങ്ങിൽ മുൻ എം.എൽ.എയും വി.കെ.സി ചാരിറ്റബിൾ ഫൗണ്ടേഷൻ മാനേജിങ് ട്രസ്റ്റിയുമായ വി.കെ.സി മമ്മദ് കോയ വിശിഷ്ടാതിഥിയായി. ഈ ആരോഗ്യ കേന്ദ്രത്തിൽ കൂടുതൽ സൗകര്യങ്ങളൊരുക്കാൻ നാടൊന്നിച്ച് ചേർന്ന് രംഗത്തു വന്നത് സമൂഹത്തിന് മഹനീയ മാതൃകയാണെന്ന് അദ്ദേഹം പറഞ്ഞു. കോഴിക്കോട് മേയർ ഡോ. ബീന ഫിലിപ്പ്, എം.കെ രാഘവൻ എം.പി എന്നിവർ മുഖ്യാതിഥികളായി.

കൊളത്തറ റഹ്മാൻ ബസാറിലാണ് 5900 ചതുരശ്ര അടി വിസ്തൃതിയിൽ അധ്യാധുനിക സൗകര്യങ്ങളോടെ ഇരുനില കെട്ടിടം ആരോഗ്യ കേന്ദ്രത്തിനായി വി.കെ.സി ചാരിറ്റബിൾ ഫൗണ്ടേഷൻ നിർമിച്ചത്. ഡോക്ടർമാരുടെ പരിശോധനാ മുറികൾ, മൈനർ ഓപറേഷൻ തീയറ്റർ, നിരീക്ഷണ മുറി, നഴ്സിങ് സ്റ്റേഷൻ, പൊതുജനാരോഗ്യ വിഭാഗം ഓഫിസ്, ശുചിമുറികൾ എന്നിവയും കെട്ടിടത്തിൽ സജ്ജീകരിച്ചിരിക്കുന്നു. ഭിന്നശേഷി സൗഹൃദമായാണ് കെട്ടിടത്തിന്റെ നിർമാണം. കോഴിക്കോട് കോർപറേഷൻ 30 ലക്ഷം രൂപ ചെലവിൽ ചുറ്റുമതിൽ നിർമിക്കുകയും മുറ്റത്ത് ഇന്റർലോക്ക് പതിക്കുകയും ചെയ്തു. കെട്ടിടത്തിന് മോടി കൂട്ടാനായി ദേശീയ ആരോഗ്യ ദൗത്യം 15 ലക്ഷം രൂപയും അനുവദിച്ചിരുന്നു. നാട്ടുകാർ സ്വരൂപിച്ച 10 ലക്ഷം രൂപ മുടക്കിയാണ് മെഡിക്കൽ ഉപകരണങ്ങളും ഫർണിച്ചറുകളും വാങ്ങിയത്. കെട്ടിടം തുറക്കുന്നതോടെ വിശാലമായ സൗകര്യങ്ങൾ ലഭിക്കുന്ന ആരോഗ്യ കേന്ദ്രത്തിൽ രാവിലെ ഒമ്പതു മുതൽ വൈകീട്ട് ആറു വരെ ചികിത്സ ലഭ്യമാകും. ആധുനിക ലബോറട്ടറി, ജീവിതശൈലീ രോഗ നിർണയ ക്ലിനിക്, മാനസികാരോഗ്യ ക്ലിനിക്, പ്രതിരോധ കുത്തിവെയ്പ്പു കേന്ദ്രം എന്നിവയും ഇവിടെ പ്രവർത്തിക്കും. ജില്ലാ മെഡിക്കൽ ഓഫീസർ ഡോ. രാജാറാം കിഴക്കേകണ്ടിയിൽ റിപ്പോർട്ട് അവതരിപ്പിച്ചു. വി.കെ.സി ഗ്രൂപ്പ് എം.ഡി വി.കെ.സി റസാക്ക്, കോഴിക്കോട് കോർപറേഷൻ ആരോഗ്യ സ്ഥിരസമിതി അധ്യക്ഷ ഡോ. ജയശ്രീ. എസ്, എഫ്.എച്ച്.സി മെഡിക്കൽ ഓഫീസർ ഡോ. ആരതി.പി, ദേശീയ ആരോഗ്യ ദൗത്യം ജില്ലാ പ്രോഗ്രാം മാനേജർ ഡോ. അനൂപ് ടി.എൻ എന്നിവർ സംസാരിച്ചു.


ചെറുവണ്ണൂർ-നല്ലളം ആരോഗ്യ കേന്ദ്രത്തിന് വി.കെ.സി ചാരിറ്റബിൾ ഫൗണ്ടേഷൻ സൗജന്യമായി നിർമിച്ചു നൽകിയ പുതിയ കെട്ടിടത്തിന്റെ ഉദ്ഘാടനം മന്ത്രി വീണാ ജോർജ് നിർവഹിച്ചപ്പോൾ. വി.കെ.സി മമ്മദ് കോയ, മേയർ ബീന ഫിലിപ്, എം.കെ രാഘവൻ എം.പി, മന്ത്രി പി.എ മുഹമ്മദ് റിയാസ് എന്നിവർ സമീപം


മാഹി ജില്ലാ മുസ്ലിംലീഗ് കമ്മിറ്റി നടത്തിയ വാഹന പ്രചരണ ജാഥയിൽ നിന്ന്

## മാഹിയോടുള്ള അവഗണനക്കെതിരേ ലീഗ് പ്രചരണ ജാഥ

മാഹി: പുതുച്ചേരി സർക്കാർ മാഹിയോട് കാണിക്കുന്ന അവഗണന അവസാനിപ്പിക്കണമെന്നും പൊതുവിതരണ, ആരോഗ്യ, വിദ്യാഭ്യാസ, മേഖലകളിലെ പരാജയം സർക്കാരിന്റെ ഭരണ പരാജയമാണെന്നും കണ്ണൂർ ജില്ലാ മുസ്ലിം ലീഗ് വൈസ് പ്രസിഡന്റ് അഡ്വ.കെ.എ ലത്തീഫ് പറഞ്ഞു. പുതുച്ചേരി സർക്കാർ മാഹിയോട് കാണിക്കുന്ന അവഗണനക്കെതിരേ മാഹി ജില്ലാ മുസ്ലിംലീഗ് കമ്മിറ്റി നടത്തിയ വാഹന പ്രചരണ ജാഥ പന്തക്കൽ മൂലക്കടവിൽ ഉദ്ഘാടനം ചെയ്ത് സംസാരിക്കുകയായിരുന്നു ലത്തീഫ്.എസ്.ടി.യു ദേശീയ വൈസ് പ്രസിഡന്റ് പി. യൂസഫ്, പോണ്ടിച്ചേരി സംസ്ഥാന മുസ്ലിം ലീഗ് ട്രഷറർ എം.പി അഹമ്മദ് ബഷീർ, സ്വതന്ത്ര മത്സ്യ വിതരണ തൊഴിലാളി ഫെഡറേഷൻ കേരള സംസ്ഥാന പ്രസിഡന്റ് സാഹിർ പാലക്കൽ, ആവോളം ബഷീർ, റഷീദ്തലായി, പി.ടി.കെ റഷീദ്, എ.വി ഇസ്മായിൽ, അബ്ദുറഹിമാൻ പന്തക്കൽ, വി. കെ റഫീക്, അൽത്താഫ് പാറാൽ ഷമീൽ കാസി, ഇസ്മായിൽ ചങ്ങരോത്ത് എന്നിവർ സംസാരിച്ചു. റഫീക്ക് തയ്യുള്ളതിൽ, അൻസീർ പള്ളിയകത്ത്, ഷമീം പന്തക്കൽ, എ.വി നസീർ, ഉസ്മാൻ പള്ളൂർ എന്നിവർ നേതൃത്വം നൽകി.

RNI No. 35157/10, Printer and Publisher Edited by: P.T. Nizar, Cheif Editor, Peoples Review, Lynwood (H) Pottangadi Raghavan Road Opp. HP Petrol Pump West Nadakkavu Calicut - 673011, Email: peoplesreviewdaily@gmail.com, Printed at Redstar Printers, Joseph Road, Kozhikode.